www.neeramukalcathedral.com

# ലോഗോസ്

ദ്വൈമാസിക

2020 മാർച്ച് – ഏപ്രിൽ

**കുടുംബയൂണിറ്റ് പ്രസിദ്ധീകരണം**

പുസ്തകം 10 | ലക്കം 82



## നീറാംമുകൾ ബൈബിൾ കൺവെൻഷൻ

2020 മാർച്ച് 27 വെള്ളി •
**റവ.ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ,** ചിങ്ങവനം

2020 മാർച്ച് 28 ശനി •
**റവ.ഫാ. ബിനോയി ചാക്കോ കുന്നത്ത്,** (തൂത്തൂട്ടി ധ്യാനകേന്ദ്രം)

2020 മാർച്ച് 29 ഞായർ •
**റവ.ഫാ. മാത്യൂസ് തോക്കുപാറ,** അടിമാലി

**സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ സുറിയാനി കത്തീഡ്രൽ, നീറാംമുകൾ**

"ശരീരത്തിൽനിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു." (2 കൊരിന്ത്യർ 5:8)

# സ്നേഹ സ്മരണയിൽ



40–ാം ചരമദിനം

23 മാർച്ച് 2020

## വർഗ്ഗീസ് മാത്തു (74)

### ആറ്റുപുറത്ത്

മരണം: 13–02–2020

സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ സുറിയാനി കത്തീഡ്രൽ നീറാംമുകൾ

# ലോഗോസ്

കുടുംബയൂണിറ്റ് പ്രസിദ്ധീകരണം

2020 മാർച്ച്– ഏപ്രിൽ | പുസ്തകം – 10 | ലക്കം 82

● എഡിറ്റോറിയൽ ബോർഡ് ●

**ചീഫ് എഡിറ്റർ**
ഫാ. പോൾ പടിഞ്ഞാറേതിൽ
ഫോൺ: 9447749720

**എഡിറ്റർ**
മാത്യൂസ് പി. എബ്രാഹം, പാലക്കാട്ടുകുഴിയിൽ
ഫോൺ: 9447192801

**സബ് എഡിറ്റർ**
ജൂഡിൻ ജോയി ഞാറക്കാട്ട്
ഫോൺ: 9567541234

**എഡിറ്റോറിയൽ ബോർഡ്**
ഫാ. പൗലോസ് ഞാറ്റുംകാല
ഫോൺ: 9446929657

കെ. എസ് പൗലോസ്, കോനാട്ട് (ട്രസ്റ്റി)
ഫോൺ: 9447303045

കെ. കെ. ജോർജ്ജ് കൈലാപുരത്ത്(ട്രസ്റ്റി)
ഫോൺ: 9447149377

റോയി സി. കുര്യാക്കോസ് ചേനക്കോട്ട്
(സെക്രട്ടറി) ഫോൺ: 9605003377

ജോർജ്ജ് കുര്യൻ ഇടത്തിപ്പറമ്പിൽ
(കുടുംബയൂണിറ്റ് കൺവീനർ)
ഫോൺ: 9645081776

യോഹന്നാൻ പൈലി ഓണശ്ശേരിൽ
(കുടുംബയൂണിറ്റ് ജോയിന്റ് കൺവീനർ)
ഫോൺ: 9567907947




**മുഖചിത്രം**

ഉയിർപ്പ് പെരുന്നാൾ

● ഉള്ളടക്കം ●

1. **അധർമ്മികളുടെ പ്രവർത്തികളിൽ നീ അത്ഭുതം കൂറേണ്ട** 2
എഡിറ്റോറിയൽ
2. **നോമ്പുകാല ചിന്തകൾ–** ആമുഖ സന്ദേശം 3
ഫാ. പൗലോസ് ഞാറ്റുംകാല
3. **ക്രൂശാരോഹണം–** കവിത 4
ജെയ്സൺ കെ. കണുകുഴിയിൽ
4. **നിന്റെ സഹോദരൻ എവിടെ–** ലേഖനം 5
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ
5. **എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം** –ലേഖനം 7
സി. ഒ. എബ്രാഹം, ചേനക്കോട്ട്
6. **യുദ്ധത്തിനായി ഒരുങ്ങുക–** പുസ്തകാഭിപ്രായം 9
ജോയി എം. ജോൺ, മരത്തനാക്കുഴി
7. **ത്രീസായ് ശുബ്ഹോ–** ലേഖനം 10
ഡീ. ബേസിൽ ജോസഫ്, പാങ്കോട്
8 **വിശ്വസ്തത–** ലേഖനം 19
കുര്യൻ ഇ. എം., ഇടത്തിപ്പറമ്പിൽ
9. **പുണ്യഭൂമിയിലൂടെ–** യാത്രാവിവരണം 20
ആനി മാത്യു, കുടകുത്തിൽ
10. **തിരിച്ചറിവ്–** ലേഖനം 22
ഡീ. അക്ഷയ് സതീഷ്, മണ്ണത്തൂർ
11. **'യൂ' ടേൺ–** യൂത്ത്വോയ്സ് 23
ജൂഡിൻ ജോയി, ഞാറക്കാട്ട്
12. **ഇടവക വിശേഷങ്ങൾ** 24
13. **വേദവിജ്ഞാന കൗതുകം** 27
റോയി സി. കുര്യാക്കോസ്
14. **കുട്ടികളുടെ ലോകം** 28

**ചീഫ് എഡിറ്റർ – ലോഗോസ് മാസിക**
സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്
യാക്കോബായ സുറിയാനി കത്തീഡ്രൽ
നീറാംമുകൾ. പിൻ 682308. ഫോൺ : 0485 2246620
e-mail: logosmonthly@gmail.com

എഡിറ്റോറിയൽ

# അധർമ്മികളുടെ പ്രവർത്തികളിൽ നീ അത്ഭുതം കൂറേണ്ട

വി. ഗ്രന്ഥം. ബാർ ആസീറേ 11:1,26

ദരിദ്രന്റെ വിജ്ഞാനം അവന്റെ ശിരസ്സുയർത്തി അധികാരികളുടെ മദ്ധ്യേ അവനെ ഇരുത്തും. സുന്ദരനെ നീ ബഹുമാനിക്കുകയും വിരൂപനെ പുച്ഛരിക്കയും അരുത്. പറവകളിൽ തേനീച്ച എത്രയോ ചെറുത്. എന്നാൽ അതിൽ നിന്നു വരുന്ന ഫലമോ എത്ര മധുരം. കീറിയ വസ്ത്രം ധരിച്ചിരിക്കുന്നവനെ നീ അപഹസിക്കരുത്. മനോവേദനയിൽ കഴിയുന്നവനെ നിന്ദിക്കുകയും അരുത്. എന്തെന്നാൽ ദൈവത്തിന്റെ രഹസ്യങ്ങൾ വിവിധവും അവന്റെ പ്രവർത്തനങ്ങൾ മനുഷ്യർക്ക് നിഗൂഢവും അത്രേ. നിസ്സാരരായ അനേകർ രാജസിംഹാസനം പ്രാപിച്ചിട്ടുണ്ട്. എന്നാൽ അവർ അഹങ്കരിക്കാതെ രാജകീയ വസ്ത്രം ധരിച്ചു.അനേകം രാജക്കന്മാർ അപമാനിതരാകുകയും ബഹുമാന്യരായ പലരുടെയും ബഹുമാനം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ചറിയുന്നതിനു മുമ്പ് നീ ബന്ധപ്പെടരുത്. ആദ്യമേ പരിശോധിക്കുക. പിന്നീടു വേണ്ടതു ചെയ്യുക. കേൾക്കുന്നതിനുമുമ്പ് മറുപടി പറയരുത്. നീ ശക്തനാണെന്നു വിചാരിച്ച് വഴക്കു കൂടരുത്. അനീതി കൊണ്ട് നിന്റെ അധർമ്മം വർദ്ധിപ്പിക്കരുത്. മകനേ നീ നിന്നിൽ തിന്മ വർദ്ധിപ്പിക്കരുത്. അതിനായി പരിശ്രമിക്കുന്നവൻ വിജയിക്കുകയില്ല. മകനേ നീ ഓടാതിരുന്നാൽ നിനക്കു മുന്നേറുവാൻ സാദ്ധ്യമല്ല. അന്വേഷിച്ചില്ലെങ്കിൽ കണ്ടെത്തുകയുമില്ല. നിരന്തരം ഓടുകയും പ്രയ്നിക്കുകയും ചെയ്തിട്ടും പ്രയോജനം ലഭിക്കാത്തവർ ഉണ്ട്. പ്രയത്നം ചെയ്തിട്ടും ബലഹീനരും കറവുള്ളവരും കൂടുതൽ ദാരിദ്ര്യത്തിൽത്തന്നെ കഴിയുന്നവരും ഉണ്ട്. എന്നാൽ കർത്തൃവചനം അവന് ശുഭം വരുത്തുകയും പൂഴിയിൽ നിന്നും ചാരത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യും. അവന്റെ ശിരസ്സുയർത്തി അവനെ ബഹുമാനിതനാക്കും. അനേകർ അവനെ ഓർത്ത് അത്ഭുതപ്പെടും. നന്മയും തിന്മയും ജീവനും മരണവും ധനവാനും ദരിദ്രനും ദൈവസന്നിധിയിൽ ഒരുപോലെ തന്നെ. വിജ്ഞാനവും വിനയവും വേദപരിജ്ഞാനവും ദൈവസന്നിധിയിൽ നിന്നാകുന്നു. സ്നേഹവും സൽപ്രവർത്തികളുടെ ഉത്തമ മാർഗ്ഗങ്ങളും അവിടെ നിന്നു തന്നെ. വഞ്ചനയും അന്ധകാരവും പാപികൾക്കുള്ളതാകുന്നു. തിന്മയിൽ പെരുമാറുന്നവരുടെ വാർദ്ധക്യം വരെയും തിന്മയും വർദ്ധിച്ചു തന്നെയിരിക്കുന്നു. ദൈവത്തിന്റെ ദാനം തന്റെ ഭക്തർക്ക് ശാശ്വതമായിരിക്കും. അവന്റെ ഇഷ്ടം എക്കാലവും നിലനിർത്തുകയും ചെയ്യും.

ദരിദ്രാവസ്ഥയിൽ നിന്ന് ധനവാനാകുന്നവരുണ്ട്. അവന്റെ ധനമോ അവനെ അനുയാത്രചെയ്യുന്നില്ല. എനിക്ക് ആശ്വാസമായി; ഇനിയുള്ള കാലം എന്റെ ആദായങ്ങൾ കൊണ്ട് ഞാൻ കഴിയും എന്നു പറയുന്ന മനുഷ്യൻ അവന്റെ അവസാനം എങ്ങനെയെന്നറിയുന്നില്ല. ഉള്ളതെല്ലാം മറ്റുള്ളവർക്ക് വച്ചേച്ച് അവൻ മൃത്യു അടയുന്നു. മകനേ നിന്റെ മാർഗ്ഗത്തിലൂടെ നീ മുന്നോട്ടുപോകുക. മകനേ നിന്റെ പ്രവർത്തികൾ ദീർഘകാലം ചെയ്യുക. അധർമ്മികളുടെ പ്രവർത്തികളിൽ നീ അത്ഭുതം കൂറേണ്ട. പ്രത്യുത കർത്താവിനായി കാത്തിരിക്കുക. അവന്റെ പ്രകാശത്തിൽ വസിക്കുക. എന്തെന്നാൽ ദരിദ്രനെ പെട്ടെന്ന് ധനവാനാക്കുവാൻ ദൈവത്തിന് എളുപ്പമത്രെ. ഓരോ ദിവസത്തെ അനർത്ഥത്തിന്നിടയിലും നീ നന്മ കണ്ടെത്തും. അന്വേഷിക്കുന്നതിനു മുമ്പ് തന്നെ മനുഷ്യന് അവന്റെ അന്ത്യം ഉണ്ടാകും.

* * * *

പെരുന്നാളുകളുടെ ആരവങ്ങൾ അവസാനിച്ച് നമ്മൾ വലിയ നോമ്പിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. യെശയ്യാ പ്രവാചകൻ അരുളിചെയ്തതു പോലെ ഈ നോമ്പു കാലത്തു അന്യായ ബന്ധനങ്ങളെ അഴിക്കുവാനും, വിശപ്പുള്ളവന് അപ്പം കൊടുക്കുവാനും, സാധുക്കളെ ചേർത്തു കൊള്ളുവാനും, നഗ്നനെ ഉടുപ്പിക്കുവാനും, സ്വന്തക്കാരെ മറക്കാതെയിരിക്കാനും ശ്രമിച്ചുകൊണ്ട് രക്ഷിതാവിന്റെ ഉയിർപ്പിനെ നമുക്കു വരവേല്ക്കാം.

സ്നേഹപൂർവ്വം

എഡിറ്റർ

ആമുഖ സന്ദേശം

# നോമ്പുകാല ചിന്തകൾ

ഫാ പൗലോസ് ഞാറ്റുംകാല



ഒരിക്കൽ കൂടി വലിയ നോമ്പിൽ പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ ദൈവത്തോട് നാം അപേക്ഷിക്കുകയാണ്. നോമ്പുകാലം ജീവിതത്തിലെ വസന്തകാലമാണ്. ചില ഭക്ഷണപദാർത്ഥങ്ങൾ വെടിഞ്ഞ് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ നോമ്പ് ആചരിക്കുമ്പോൾ ആത്മീകവും ശാരീരികവുമായ ബലം നാം പ്രാപിക്കുകയാണ്. ശരീരത്തിലെ മേദസ്സിനെ കുറയ്ക്കുന്നതു മൂലം പല രോഗങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുകയും ശരീരം ആരോഗ്യം ഉള്ളതായി തീരുകയും ചെയ്യുന്നു. ശരീരം നമ്മുടെ നിയന്ത്രണത്തിൽ ആകുമ്പോൾ ആത്മാവ് പുഷ്ടിപ്പെടുകയും ചെയ്യുന്നു. കാരണം പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നത് ശരീരമാണ്. പ്രാർത്ഥന ദൈവത്തോട് നടന്ന് അടുക്കുന്നതിനുള്ള ഉപാധിയാണെങ്കിൽ നോമ്പും ഉപവാസവും ദൈവത്തോട് ഓടി അടുക്കുന്നതിനുള്ള പ്രക്രിയയാണ്. നോമ്പാലും ഉപവാസത്താലും സാത്താനെയും അവന്റെ പ്രലോഭനങ്ങളെയും ജയിക്കാൻ ശക്തി ലഭിക്കുന്നു.

ആദാമും ഹവ്വായും ഭക്ഷണപ്രിയം മൂലം പരാജയപ്പെട്ടു എങ്കിൽ നമ്മുടെ കർത്താവ് 40 ദിവസം വനത്തിൽ വച്ച് ഉപവസിച്ച് സാത്താനെ തോല്പിച്ചു. അതുകൊണ്ട് സാത്താനെ ജയിക്കാൻ നോമ്പ് എന്ന ആയുധം ദൈവം നമുക്ക് നൽകി. സീനായ് മലയിൽ 40 ദിവസത്തെ നോമ്പിനാൽ മോശ ദൈവം എഴുതിയ കല്പനകളും പ്രമാണങ്ങളും വാങ്ങിച്ചു മാത്രമല്ല തന്റെ ശരീരം പ്രകാശപൂരിതമായി.

വിപണിയിൽ കിട്ടുന്നതെല്ലാം വലിച്ചുവാരി തിന്നുന്ന സ്വഭാവത്തിൽ നിന്നും നമ്മുടെ ശരീരത്തിനു ആവശ്യമുള്ളതു മാത്രം ഭക്ഷിക്കാനുള്ള ശീലം നാം നേടേണ്ടത് ആവശ്യമാണ്. ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തി വിറ്റ് ലാഭമുണ്ടാക്കാൻ മനുഷ്യൻ വെമ്പൽ കൊള്ളുകയാണ്. അതുകൊണ്ട് ഭൂമിയിൽ നിന്ന് ഭക്ഷണത്തിനാവശ്യമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കാൻ നാം ഈ നോമ്പുകാലത്ത് ശീലിക്കേണ്ടതാണ്. നോമ്പുകാലങ്ങളിൽ കൂടുതൽ സമയം പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കേണ്ടതാണ്.

നോമ്പിനെയും ഉപവാസത്തെയും കുറിച്ച് ശ്രേഷ്ഠമായ ചിന്തകൾ നൽകുന്ന വേദഭാഗം യെശയ്യാവ് 58: 4 മുതൽ 14 വരെയുള്ള വാക്യങ്ങളിലാണ്. നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്നു നോമ്പു നോല്ക്കുന്നതു. എനിയ്ക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴാമ്പലിനെപ്പോലെ കുനിക്കുക; രട്ടും വെണ്ണീറും വിരിച്ചു കിടക്ക. ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവയ്ക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നതു? അന്യായബന്ധനങ്ങളെ അഴിക്കുക, പീഢിതരെ സ്വതന്ത്രരായി വിട്ടയയ്ക്ക; ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ ചേർത്തുകൊള്ളുന്നതും അല്ലയോ? അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും. നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതി വരും, നിന്റെ നീതി നിനക്കു മുമ്പായി നടക്കും. യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും.അപ്പോൾ നീ വിളിക്കുമ്പോൾ യഹോവ ഉത്തരമരുളും.

വഷളത്വം സംസാരിക്കുന്നതു നീ നിന്റെ നടുവിൽ നിന്നും നീക്കിക്കളയുകയും വിശപ്പുള്ളവരോടു നീ താല്പര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവനു തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും. നീ യഹോവയിൽ പ്രശോഭിക്കുമ്പോൾ ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കും. എത്രയോ ശ്രേഷ്ഠമായ ചിന്തകളാണ് ഈ ഭാഗം നമുക്ക് നല്കുന്നത്.

ഉത്തമമായ നോമ്പ് നിനുവെയിലെ ജനങ്ങൾ നോറ്റ നോമ്പാകുന്നു. അവർ 40 ദിവസം നോമ്പ് നിശ്ചയിക്കുകയും ചാക്കുശീല ധരിക്കുകയും ചെയ്തുകൊണ്ട് കർത്താവിനോട് പ്രാർത്ഥിച്ചു. കർത്താവ് അവരോട് നിരപ്പായി അവരോടുള്ള ന്യായതീർപ്പിനെ മായിക്കുകയും ചെയ്തു. എല്ലാ പൂർവ്വിക നീതിമാന്മാരും വെടിപ്പുള്ള നോമ്പാൽ ഉത്തമന്മാരായി തീർന്ന് കിരീടം പ്രാപിച്ച് ശ്രേഷ്ഠന്മാരായി മണ്മയരെ ഉന്നതത്തിലേക്കു കരേറ്റുന്ന നോമ്പിന്റെ ചിറക് എത്രയും വേഗതയുള്ളതാകുന്നു. വഞ്ചന കലരാത്ത നോമ്പനുഷ്ഠിക്കുന്ന എല്ലാവരും ആത്മീയന്മാരോടു കൂടെ കലർത്തപ്പെടുന്നു.

ഈ നോമ്പിൽ നമുക്കു പ്രാർത്ഥിക്കാം. കർത്താവേ നിന്റെ വാതിലിൽ ഞാൻ മുട്ടുകയും നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു കരുണ യാചിക്കുകയും ചെയ്യുന്നു. മഹാപാപിയായ ഞാൻ നിന്റെ വഴിയിൽ നിന്നു തെറ്റിപ്പോയിരിക്കുന്നു. എന്റെ പാപങ്ങൾ ഞാൻ ഏറ്റുപറഞ്ഞ് അവയെ വിട്ട് കൃപയാൽ ജീവിപ്പാൻ കൃപ നല്കണമേ.


# ക്രൂശാരോഹണം

ജെയ്സൺ കെ. കണുകുഴിയിൽ

കവിത



ഗർവ്വിലൊരു പ്രജാപതി, ചിന്തകളുടെ ഗണനക്രിയകൾ
ഒടുവിലൊരു വിധിതീർപ്പിൻ മുനമ്പിൽ നി-
ന്നധർമ്മസൂക്തങ്ങൾ "അവൻ തെറ്റിന്നതീതൻ"
ആൾക്കൂട്ട ഗർജ്ജനഭേരികൾ "ശിക്ഷ വിധിക്കുക"
"ക്രൂശേറ്റുക നിങ്ങളീധർമ്മ രാജ്യദ്രോഹിയെ"
വീണ്ടുമൊരു മസ്തിഷ്കപുഴുവിൻ മിന്നൽ ചാലുകൾ
വെള്ളിടി കറുപ്പിച്ച അന്ധമാമജ്ഞത ഇഴപാകിയ ഉന്മാദങ്ങൾ!
വിധി തീർത്തുപിരിയുന്ന മൗനത്തിൻ ചിതൽപ്പുറ്റ്
ഉണർച്ചകളുടെ തേരോട്ടം, അധർമ്മവിജയക്കൊടി




ലോകം ഒരു കറുത്ത നിഴൽപൊട്ടിലേക്ക്
സഹനത്തിന്റെ ശാന്തസമുദ്രം, തിരയനക്കമറ്റ്
തിരശ്ചീനമായ് ആത്മബലിയുടെ പാഥേയംരുചിച്ച്
തന്റെ സൃഷ്ടിനാഥന്റെ പരമാണുവിലേക്ക്

ചുഴിക്കു ത്തറിഞ്ഞു വീണ കുറ്റബോധതിരതള്ളൽ
അനീതിയുടെ തത്വശാസ്ത്രബോധപിടച്ചിലുകൾ
പീഡനഘോഷയാത്രപ്പെരുമകൾ
തൂക്കിയ സ്ലീബയിൽ ഗദ്ഗദമൊഴിയിതൾപ്പൂവ്
"പിതാവേ കൈവിട്ടതെന്ത് നീയീ തനയനെ?"
വിലാപത്തീമഴ, കറുത്ത അംബരാന്തം
നഗ്നമാമുടൽ മൂടി, കീറിയ തിരശ്ശീലയിൽ
കൊഴിഞ്ഞ തൂവലുകൾ.. ശിലാപിളർപ്പിൽ രക്തത്തുള്ളികൾ



മകരം 15 പെരുന്നാളിനോടനുബന്ധിച്ച് ആദ്യ ഫല കാഴ്ച്ച സമർപ്പണം വന്ദ്യ ബർ യൂഹാനോൻ റമ്പാൻ ആശീർവ്വദിക്കുന്നു.

ലേഖനം



ഫാ ഡാർലി എടപ്പങ്ങാട്ടിൽ

# നിന്റെ സഹോദരൻ എവിടെ

അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശവുമായി നിർമ്മലമായൊരു നോമ്പുകാലം ആരംഭിച്ചു. മാർച്ച് 18ന് പാതിനോമ്പാണ്. ചെറുതാകലിന്റെയും പങ്കുവയ്ക്കലിന്റെയും കഥ പറയുന്ന പെസഹാവ്യാഴവും ശൂന്യവൽക്കരണത്തിന്റെ ആഴം വെളിപ്പെടുത്തുന്ന ദുഃഖവെള്ളിയും ഇനിയും ജീവിക്കാൻ കരുത്തേകുന്ന ഈസ്റ്ററും ക്രിസ്തുരഹസ്യങ്ങളുടെ കാതലായി നമ്മുടെ ഓരോരുത്തരുടെയും വിചാരങ്ങളിലേക്കും വിചിന്തനങ്ങളിലേക്കും പ്രവേശിക്കും. നവീകരിക്കപ്പെട്ട മനസ്സോടും ഹൃദയത്തോടും കൂടി ഈ രക്ഷാകരരഹസ്യങ്ങളാഘോഷിക്കാൻ ക്രിസ്തുവിൽ പുതിയൊരു ജീവിതം തുടങ്ങാൻ നാം യാത്ര തുടങ്ങേണ്ടിയിരിക്കുന്നു.

ഈ വർഷത്തെ നോമ്പുകാല യാത്രയെ ദീപ്തമാക്കാൻ മൂന്നു ചെറുചോദ്യങ്ങൾ മാത്രം മനസ്സിൽ സൂക്ഷിക്കാം.

ആദത്തെ വേട്ടയാടുന്ന വേദഗ്രന്ഥത്തിലെ ആദ്യ ചോദ്യം നീ എവിടെയാണ് എന്നാണ്. ദൈവത്തിന്റെ ഒപ്പം നടന്നൊരാൾ കണ്ണഞ്ചിപ്പിക്കുന്ന കനിയിൽ കുരുങ്ങി; അപരാധത്തിന് വഴങ്ങിയ നിമിഷം ഒരു ചെറുവൃക്ഷത്തിന്റെ പിന്നിലൊളിക്കും വിധം ചെറിയവനായിപ്പോയി. ദൈവത്തിന്റെ കണ്ണിൽ നോക്കി നിൽക്കാനുള്ള ആത്മവിശ്വാസം നഷ്ടമായി. പാപം നിന്നെ എപ്പോഴും ചുരുക്കിക്കൊണ്ടേയിരിക്കുമെന്നൊരു ചൊല്ല് ഇവിടെ പ്രസക്തമാണ്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആദത്തിനു പകരം നമ്മുടെയോരോരുത്തരുടെയും പേർ വിളിച്ചും ഇതേ ചോദ്യം ആവർത്തിക്കപ്പെടും കണ്ണിന് കുളിർമ്മയേകുന്നതും കൗതുകമേകുന്നതും, കീഴ്പ്പെടുത്തുന്നതുമായ ചിലതിലും ചില വ്യക്തികളിലും അഭിരമിക്കുമ്പോൾ ഒളിച്ചുകളിയില്ലാതെ ഓടിപ്പോകാതെ ദൈവത്തെയും മനസാക്ഷിയെയും അഭിമുഖീകരിക്കുവാനുള്ള ആത്മബലം നമുക്കുണ്ടാകുമോ? "എനിക്കിതെല്ലാം വേണം, എനിക്കിതിപ്പോൾ വേണം, എനിക്കിത് മതിയാകുന്നില്ല" എന്ന ഈ നൂറ്റാണ്ടിന്റെ ഭ്രമവുമായി പായുകയാണ് പലരും. പണത്തിനു വേണ്ടിയും പേരിനു വേണ്ടിയും പ്രശസ്തിക്കു വേണ്ടിയും ഓട്ടപ്പന്തയങ്ങളിൽ മുതിർന്നവർ വ്യാപരിക്കുമ്പോൾ, ചെറിയ മക്കൾ ഗൂഗിളിലൂടെ വലിയ ലോകം വിരൽത്തുമ്പിലെത്തിക്കുന്നു. വിലക്കപ്പെട്ട കനി കാലം മാറുമ്പോൾ വിവിധ രൂപങ്ങളിൽ അവതരിക്കുമെന്ന് ആരും മറക്കരുത്.

ഇന്റർനെറ്റിന്റെ അതിവേഗ ഓഫറുകളിൽ അമിതമായി ആനന്ദിച്ച് തനിച്ചൊരു മുറിയിലിരിക്കുമ്പോൾ നിങ്ങളുടെ മൊബൈൽ സ്ക്രീനിൽപോലും ചോദ്യം ആവർത്തിക്കപ്പെടും നീ എവിടെയാണ്?


ഈ നോമ്പുകാലത്തെ നിർമ്മലമാക്കേണ്ട നിർണ്ണായക ഘടകമാണ് വീട്. അനുകൂലമായൊരു കാലാവസ്ഥ നൽകി അനുധാവനം ചെയ്യുന്ന വിരലിലെണ്ണാവുന്നവർ മാത്രമേ ഓരോ വീട്ടിലുമുള്ളൂ. പക്ഷേ പരസ്പരമുള്ള ആത്മബന്ധത്തിന്റെ ആഴം എത്രയെന്ന് ഓരോരുത്തരും ഗൗരവമായി ആലോചന നടത്തേണ്ടിയിരിക്കുന്നു. "നിന്റെ സഹോദരൻ എവിടെയാണ്" കായേനോട് കർത്താവ് ചോദിച്ച ഈ ചോദ്യം നമ്മുടെ വീട്ടിലുള്ളവരെക്കുറിച്ചും ചോദിക്കപ്പെടും. കൂടെ സഞ്ചരിക്കുന്ന, കൂടെ ഭക്ഷണത്തിനിരിക്കുന്ന, കൂടെ ദേവാലയത്തിലിരിക്കുന്ന വരെല്ലാം ശരിക്കും കൂടെയുണ്ടോ? ഒന്നും രണ്ടും മൂന്നും തവണയൊക്കെ ഈ ചോദ്യം ആവർത്തിക്കപ്പെടുമ്പോൾ ഉത്തരം പറയാനാവാത്ത വിധത്തിൽ നാം നിശബ്ദരാകുന്നുവെങ്കിൽ പുറത്തേക്കുള്ള യാത്രകളൊക്കെ അവസാനിപ്പിച്ച് വീടിനകത്തേക്ക് തിരിച്ചുവരാൻ സമയമായെന്ന് ചുരുക്കം. വാർദ്ധക്യത്തിന്റെ ഉത്തരവാദിത്ത്വമില്ലായ്മയിൽ, ദാമ്പത്യ ബന്ധങ്ങളുടെ അവിശ്വസ്തതകളിൽ, യൗവ്വനത്തിന്റെ വർണ്ണക്കാഴ്ചകളിൽ കുടുങ്ങി പ്രിയമുള്ളവർക്കിടയിൽ അകലങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ പരിത്യാഗത്തിന്റെ ഈ തപസ്സുകാലത്ത് ബന്ധങ്ങളെ കുറച്ചുകൂടി ഊഷ്മളമാക്കാനുള്ള ഉറച്ച തീരുമാനം എടുത്തേ പറ്റൂ. വാട്സാപ്പും, ഫെയ്സ്ബുക്കും, ഇൻസ്റ്റഗ്രാമും ബന്ധങ്ങൾക്കിടയിൽ വിഘാതമാകാതിരിക്കാൻ ഓരോരുത്തരും ബോധപൂർവ്വം ശ്രമിക്കണം. അല്ലെങ്കിൽ വീടിനകത്തേക്ക് ഹൃദയം കൊണ്ടുള്ള വഴി പതിയെ ഓരോരുത്തരും മറന്നു തുടങ്ങും.

ഞാൻ എവിടെയാണ്, എന്റെ വീട് എങ്ങനെയാണ് എന്നീ ചെറുചോദ്യങ്ങൾക്ക് സത്യസന്ധമായൊരു ഉത്തരം കൊടുക്കാനാവും വിധം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തിയാൽ ഒരു ഉയിർത്തെഴുന്നേല്പ് നമ്മുടെ ഉള്ളിൽ സംഭവിക്കും. ഉയിർത്തെഴുന്നേറ്റ നല്ല മനുഷ്യരായി ഉയിർത്തെഴുന്നേൽക്കുന്ന ക്രിസ്തുവിനെ ദർശിക്കാനാകും.


ഈസ്റ്റർ പുറത്ത് സംഭവിക്കുന്ന ഒന്നല്ലെന്നും അകത്ത് സംഭവിച്ചു തുടങ്ങേണ്ട ഒന്നാണെന്നുമുള്ള തിരിച്ചറിവ് ഈ നോമ്പുകാലത്ത് നമ്മെ ഉണർത്തട്ടെ. പ്രാർത്ഥനയും, പരിത്യാഗവും, ദാന ധർമ്മങ്ങളും ഈ നാല്പത് രാപ്പകലുകളിൽ ഈ യാത്രയ്ക്ക് പാഥേയമാകട്ടെ എന്ന് ആശംസിക്കുന്നു. ഒരാൾക്കു സാധ്യമാകാവുന്ന ഏറ്റവും മികച്ചതും സത്യസന്ധവുമായ അവസ്ഥയിൽ എത്തുന്നതാണ് ഉയിർപ്പ്. ദൈവീകതയെന്ന സ്വപ്നതുല്യമായ സാധ്യതയിലേക്ക് ഒരുവന് ഉയരാനാവും എന്നാണ് ഉത്ഥിതൻ നമ്മെ പഠിപ്പിക്കുന്നത്. ഈ സാധ്യത ഒരു തുറന്ന വാതിലായി നമ്മുടെ മുന്നിലുണ്ട്. എന്നാൽ ഏതൊക്കെയോ ബാധ്യതകളുടെ കല്ലുരുട്ടിവച്ച് സാധ്യതകളുടെ വാതിൽ നാം അടച്ചുകളയുന്നു.

സ്വയം ഉരുക്കാനും സ്വയം മരിക്കാനും സ്വയം ഒരുക്കാനുമുള്ള കാലമാണ് നോമ്പുകാലമെങ്കിൽ ഉയരാനും വളരാനുമുള്ള കാലമാണ് ഉയിർപ്പുകാലം.


## അഭിനന്ദനങ്ങൾ



**എം. ജെ. എസ്. എസ്. എ**
**10–ാം ക്ലാസ് പരീക്ഷയിൽ**
**ആറാം റാങ്ക് നേടിയ**
**കുമാരി ഐറിൻ അന്ന സ്കറിയ**
**കത്തീഡ്രൽ ഇടവകയിൽ കുന്നേൽ**
**ശ്രീ. കെ. സി സ്കറിയയുടെയും**
**ഷീബയുടെയും മകളാണ്.**



**എം. ജെ. എസ്. എസ്. എ**
**10–ാം ക്ലാസ് പരീക്ഷയിൽ**
**ഒമ്പതാം റാങ്ക് നേടിയ**
**മാസ്റ്റർ ഡിയോൺ റെജി**
**കത്തീഡ്രൽ ഇടവകയിൽ കോന്നംപറമ്പിൽ**
**ശ്രീ. റെജി പോളിന്റെയും**
**ഷീബയുടെയും മകനാണ്.**



**എം. ജെ. എസ്. എസ്. എ**
**6–ാം ക്ലാസ് പരീക്ഷയിൽ**
**മൂന്നാം റാങ്ക് നേടിയ**
**കുമാരി റിച്ച ബിനു**
**കത്തീഡ്രൽ ഇടവകയിൽ കാഞ്ഞിരത്തിങ്കൽ**
**ശ്രീ. ബിനു കെ. എബ്രാഹത്തിന്റെയും**
**ആശയുടെയും മകളാണ്.**




**ലിറ്റർജിക്കൽ & ബിബ്ലിക്കൽ**
**അക്കാദമിയിൽ നിന്നും തിയോളജിക്കൽ**
**സ്റ്റഡീസിൽ പി. ജി. ഡിപ്ലോമ പാസായ**
**ഡോ. പൗലോസ് ജോർജ്ജ്**
**മേച്ചുറത്ത്**



**കമ്പ്യൂട്ടർ സൊസൈറ്റി ഓഫ്**
**ഇന്ത്യയുടെ മികച്ച വിദ്യാർത്ഥി**
**ശാഖ കോർഡിനേറ്റർക്കുള്ള**
**ദേശിയ പുരസ്ക്കാരം നേടിയ**
**ശ്രീമതി എൽസബാ**
**ജേക്കബ് കോലത്തുകുടി**
**പുത്തൻപുരിയിൽ**
**(Assistant Professor TocH**
**Institute of Science &**
**Technology, Arakkunnam)**

സി. ഒ. എബ്രാഹം, ചേനക്കോട്ട്

ലേഖനം



# എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം

ഗിലെയാദ് നാട്ടിലെ തിശ്ബയിൽ നിന്നുള്ളവനായിരുന്നു, കർത്താവാം ദൈവത്തിന്റെ പ്രവാചകനായ ഏലിയാവ്. ഒമ്രിയുടെ മകനായ ആഹാബായിരുന്നു അക്കാലത്ത് യിസ്രായേൽ വാണിരുന്നത്. അവൻ 22 വർഷക്കാലം യിസ്രായേല്യർക്ക് രാജാവായിരുന്നു. ആഹാബിന്റെ അപ്പനായ ഒമ്രി 'ശെമരി'നോട് വിലയ്ക്കു വാങ്ങിയ മലമുകളിൽ പണിത തലസ്ഥാനപട്ടണത്തിന്റെ പേരായിരുന്നു 'ശമര്യ' എന്നത്. (1 രാജാ. 16:24).

ആഹാബ് രാജാവ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേല്യ രാജാക്കന്മാരേക്കാൾ ദുഷ്ടനും, ന്യായപ്രമാണങ്ങളെ ആചരിക്കാത്തവനും തിന്മ പ്രവർത്തികളിൽ ആമഗ്നനുമായിരുന്നു. അവന്റെ ഭാര്യ ഇസബേൽ പുറജാതിക്കാരനായ സീദോന്യ രാജാവ് ഏത്ത്– ബാലിന്റെ മകളായിരുന്നു. അവളുടെ പ്രേരണ നിമിത്തം ആഹാബ് ശമര്യ പട്ടണത്തിൽ ഒരു ബാൽ ക്ഷേത്രം പണിയിക്കുകയും ഒരു ബലിപീഠം ഉണ്ടാക്കി ആരാധിക്കുകയും ചെയ്തു. പോരാഞ്ഞിട്ട്, ഒരു അശേരാ പ്രതിഷ്ഠയും ഉണ്ടാക്കി അവൻ കർത്താവാം ദൈവത്തെ പ്രകോപിപ്പിക്കുകയും ചെയ്തു. അവൻ യഹോവയാം ദൈവത്തിൽ നിന്നകന്ന് വിഗ്രഹാരാധകനായി; ദൈവകോപത്തെ ജ്വലിപ്പിച്ചു.

ആയിടെ ആഹാബ്, യെഹോവയ്ക്ക് യോശുവ സമർപ്പിതമായി നൽകിയിരുന്ന യെരീഹോ പ ട്ടണം പണി കഴിപ്പിക്കാനാരംഭിച്ചു. യോശുവായുടെ പ്രവചനം പോലെ, പട്ടണത്തിനടിസ്ഥാനമിട്ടപ്പോൾ, ശില്പിയായ ഹീയേലിന്റെ മൂത്ത മകനും, പണിയെല്ലാം തീർത്ത് അതിന്റെ പടിവാതിൽ വച്ചപ്പോൾ, അവന്റെ ഇളയമകനും മരിച്ചുപോയി. (1 രാജാ. 16: 34). അങ്ങനെ, ആഹാബിന്റെ പ്രവർത്തികൾ യെഹോവയാം ദൈവത്തിന് അനിഷ്ടമായി.

ആ സമയത്താണ് ഏലിയാ പ്രവാചകനെ ദൈവം ആഹാബിനടുത്തേക്കയച്ചത്. ഏലിയാ പ്രവാചകൻ ആഹാബിന്റെ അരമനയിലെത്തി യെഹോവയുടെ ഭയനിർദ്ദേശം നൽകുകയാണ്. "ഞാൻ ആരാധിക്കുന്ന യിസ്രായേലിന്റെ ദൈവമായ യെഹോവ സത്യമായി ഞാൻ പറഞ്ഞിട്ടല്ലാതെ ഈ വർഷങ്ങളിൽ മഞ്ഞും മഴയും ഉണ്ടാവുകയില്ല" (1 രാജാ. 17:1)

മഴ നിലച്ചു; മഞ്ഞു പെയ്യാതായി. യിസ്രായേലിൽ വരൾച്ച രൂക്ഷമായി. ആഹാബിന്റെ രോഷം ഏലിയാവിന്റെ മേൽ ജ്വലിച്ചു. ദൈവത്തിന്റെ പ്രവാചകൻ രാജാവിന്റെ ശത്രുവായി!

ഏലിയാവിനെ ദൈവം കരുതി. അവനെ, യോർദ്ദാനക്കരെ കിഴക്കുള്ള കെരീത്തു തോടിനരികെ ഒളിപ്പിച്ചു. അവന് രാവിലെയും വൈകുന്നേരവും ഭക്ഷണം കൊണ്ട് കൊടുക്കുവാൻ മലങ്കാക്കകളെ ദൈവം ഏർപ്പാടും ചെയ്തിരുന്നു. അരുവിയിലെ ശുദ്ധമായ ജലം കുടിച്ചും ദൈവം നൽകിയ അപ്പം കഴിച്ചും ഏലിയാവ്, ആഹാബിന്റെ കണ്ണിൽ നിന്നും ഒളിച്ചുപാർത്തു. ദൈവത്തിന്റെ കൃപയും അവനോടൊപ്പമുണ്ടായിരുന്നു. വരൾച്ച കഠിനമായി. കെരീത്ത് തോട്ടിലെ വെള്ളം വറ്റിപ്പോയി. ദൈവം അവനെ, അവിടെ നിന്നും സീദോനിലെ സാരേഫാത്തിലുള്ള ഒരു വിധവയുടെ വീട്ടിലേക്കു മാറ്റി പാർപ്പിച്ചു. ഭർത്താവ് മരിച്ച സ്ത്രീ, തന്റെ ഏകമകനായ ബാല്യക്കാരനുമായി താമസിച്ചു വരികയായിരുന്നു. ക്ഷാമം മൂലം ഭക്ഷണമെല്ലാം തീർന്ന്, അവസാനം ശേഷിച്ച ഭക്ഷണവും പാകം ചെയ്തു കഴിച്ചതിനു ശേഷം ആത്മഹത്യ ചെയ്യാനൊരുങ്ങുകയായിരുന്നു അവർ. ഏലിയാ പ്രവാചകൻ അവിടെയും അത്ഭുതം പ്രവർത്തിച്ചു, അവരെ രക്ഷിക്കുകയാണ്. "അവളുടെ കലത്തിലെ മാവു തീർന്നു പോകാതെയും ഭരണിയിലെ എണ്ണ വറ്റാതെയും ഇരുന്നു." (1 രാജാ 17:14). കൂടാതെ, ദൈവത്തിന്റെ ശക്തി, മരിച്ചു പോയെന്നു കരുതിയ തന്റെ ബാല്യക്കാരനായ മകനെ ഏലിയാവ് ഉയിർപ്പിക്കുക വഴി വിധവയ്ക്കു ബോധ്യമാവുകയും ചെയ്തു. പ്രവാചകൻ ദൈവനിയോഗപ്രകാരം വന്നെത്തിയതാണെന്ന് അവർക്ക് മനസ്സിലായി.

ആഹാബ്, പ്രവാചകനെ അപായപ്പെടുത്തുവാൻ തക്കം പാർത്തിരുന്നു. എന്നാൽ ഏലിയാ പ്രവാചകന് കർത്താവാം ദൈവത്തിന്റെ ശക്തിയിൽ ഉറച്ച വിശ്വാസമായിരുന്നു. ഞാൻ ആരാധിയ്ക്കുന്ന യെഹോവ സത്യമായി, ഞാൻ എന്നെത്തന്നെ അവനു വെളിപ്പെടുത്തും (1 രാജാ 18:15) എന്ന് പറഞ്ഞ രാജാവിനെ അവൻ കർമ്മേൽ പർവ്വതമുകളിലേക്ക് ക്ഷണിക്കുകയാണ്. രാജാവിനെ മാത്രമല്ല; ബാലിന്റെ 450 പ്രവാചകന്മാരെയും, 400 അശേരാ പ്രവാചകരേയും മറ്റു പ്രമാണികളായ ജനങ്ങളെയും സത്യ

ദൈവത്തിന്റെ ശക്തി അവൻ അവിടെ വച്ചു തെളിയിച്ചുകാണിക്കുകയായിരുന്നു. വിഗ്രഹങ്ങളോട് നിഷ്ഫലമായി യാചിച്ച രാജാവിന്റെയും, 850 വിഗ്രഹാരാധക പ്രവാചകരുടെയും മുമ്പാകെ ഏലിയാവ് തന്റെ പ്രാർത്ഥനയിലൂടെ, ആകാശത്തു നിന്ന് തീയിറക്കി, ഒരുക്കി വച്ചിരുന്ന തന്റെ യാഗവസ്തുക്കളെ ദഹിപ്പിക്കുന്നതും യാഗപീഠത്തിനു ചുറ്റും നിറച്ചിരുന്ന കിടങ്ങുകളിലെ വെള്ളം ആവിയായി വറ്റുന്നതും ബാൽ പ്രവാചകരും പ്രമാണിമാരും കണ്ട് അത്ഭുതം കൂറി! ഇതു കണ്ടു നിന്ന ജനമെല്ലാം “യഹോവ തന്നെ ദൈവം, യെഹോവ തന്നെ ദൈവം” എന്ന് സാഷ്ടാംഗം വീണു വിലപിച്ചുകൊണ്ടിരുന്നു. ഓടി രക്ഷപ്പെടുവാൻ തുനിഞ്ഞ ബാലിന്റെ പ്രവാചകരെ ഏലിയാവിന്റെ ആളുകൾ പിടിക്കുകയും, താഴെ, കീശോൻ തോട്ടിനരികെ വച്ച് വെട്ടിക്കൊല്ലുകയും ചെയ്തു. (1 രാജാ 18:40). പിന്നിട് അവൻ പ്രാർത്ഥിച്ച്, ദേശത്താകെ മഴ പെയ്യിക്കുകയും ചെയ്യുന്നുണ്ട്. അത്രയ്ക്ക് വിശ്വാസ ദൃഢതയുള്ളവനും ധീരനുമായിരുന്നു ഏലിയാ പ്രവാചകൻ.

ഇതൊക്കെയാണെങ്കിലും, കേവലം ഒരു സ്ത്രീയുടെ മുമ്പിൽ പകച്ച്, മരുഭൂവിലേക്കോടി രക്ഷപെടുവാൻ ശ്രമിക്കുന്ന ഏലിയാവിനെയാണ് നാം പിന്നീട് കാണുന്നത്. അവൻ ചപലനായ ഒരു വെറും മനുഷ്യനായി പരിണമിക്കുകയാണ്. മനുഷ്യനായ ഒരു വെറും മനുഷ്യനായി പരിണമിക്കുകയാണ്. മനുഷ്യബുദ്ധിക്കും യുക്തിക്കും സങ്കല്പിക്കുവാൻ പോലും കഴിയാത്ത അത്യുന്നതനായ ദൈവത്തിന്റെ ശക്തിയും മഹത്വവും സ്വയം രുചിച്ചറിഞ്ഞവനും മറ്റുള്ള വർക്കു കാണിച്ചുകൊടുത്തവനുമായ ഏലിയാവ് പോലും സാത്താന്റെ ചില സമയത്തെ ഭീഷണി കൾക്കു മുമ്പിൽ, നിരാശയുടെ അഗാധങ്ങളിലേക്ക് കൂപ്പുകുത്തുകയാണ്. തന്റെ വിഗ്രഹാരാധകരായ 850 പ്രവാചകരെ കീശോൻ തോട്ടിന്നരികെ വച്ച് വെട്ടിക്കൊന്നവനായ ഏലിയാവിന് ഭീഷണിയുമായി ആഹാബിന്റെ ഭാര്യ ഈസബേൽ ഒരു ദൂതനെ അവന്റെ അടുത്തേയ്ക്കയച്ചു. “നാളെ ഈ സമയ ത്ത് ഞാൻ നിന്റെ ജീവനെ അവരിൽ ഒരുവന്റെ ജീവനെപ്പോലെയാക്കുന്നില്ലെങ്കിൽ, എന്റെ ദേവന്മാർ അതും അതിലധികവും എന്നോട് ചെയ്യട്ടെ.” ഈസബെൽ എന്ന സ്ത്രീ രോഷാകു ലയായിരുന്നു! അചഞ്ചലമായ ദൈവവിശ്വാ സത്താൽ രാജകിങ്കരന്മാരെ ഒറ്റയ്ക്കു വധിച്ചവനായ ഏലിയാവ് തനിക്കെതിരിൽ വന്ന വധഭീഷണിയിൽ ഭയന്നുപോയി! അവൻ മാനസികമായി തകർന്നുപോയി; ഒരു സാധാരണക്കാരനെപ്പോലെ!

മണിക്കൂറുകൾക്കു മുമ്പ് തന്റെ പ്രാർത്ഥന യ്ക്കുത്തരമരുളി തീയിറക്കിയ ദൈവത്തെ അവൻ മറന്നു. നിരാശനായി ഭീതിയുടെ പടുകുഴിയിലവൻ വീണു. അവൻ എല്ലാം മറന്നു. പ്രാർത്ഥിക്കുവാൻ മറന്നു; ദൈവത്തിങ്കൽ ആശ്രയം വയ്ക്കുവാൻ മറന്നു. മരണഭീതിയിൽ യെഹോവയാം ദൈവത്തിന്റെ ശക്തനായൊരു പ്രവാചകനാണ് താനെന്നവൻ മറന്നു! ആലോചിച്ചാൽ, ഇതൊക്കെയല്ലേ വിശ്വാസവീരരെന്ന് സ്വയം വിശ്വസിക്കുന്നവർക്കും ഇന്നും സംഭവിച്ചു കൊണ്ടിരിക്കുന്നത്. അടിയുറച്ച വിശ്വാസം പോലും സാത്താന്റെ ഭീഷണിക്കു മുമ്പിൽ പതറുന്നു. ഏലിയാവ് വധഭീഷണി ഭയന്ന് യൂദ്യയിലെ ‘ബെർശെബ’ മരുഭൂമിയിലൂടെ ഒളിച്ചോടുകയാണ്.

ഒരു പകൽ കഴിഞ്ഞു. സന്ധ്യയായി. അവൻ ഒരു ചൂരച്ചെടിയുടെ തണലിൽ അഭയം തേടി. എന്നിട്ട് പ്രാർത്ഥിച്ചു. “ഇപ്പോൾ മതി യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ, ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ” (1 രാജാ 19:4). അവൻ നിരാശയുടെ “നെല്ലിപ്പലക” കണ്ടുകഴിഞ്ഞിരുന്നു. പിന്നീടവനെ സാന്ത്വനമോതി, ഭക്ഷണം നൽകി ശക്തിപ്പെടുത്തുന്നുണ്ട്, യെഹോവയാം ദൈവം. അവൻ ഉണർന്നു. 40 രാവും 40 പകലും അവൻ ഭക്ഷണപാനീയ ങ്ങളൊന്നും കഴിക്കാതെ മരുഭൂമിയിലൂടെ ദൈവത്തിന്റെ പർവ്വതമായ സീനായ് (ഹൊറേബ്) ലക്ഷ്യമാക്കി നടന്നു. കൊടുങ്കാറ്റിലല്ല, ഭൂകമ്പത്തിലല്ല, തീയിലുമല്ല, പ്രശാന്തതയിൽ, മന്ത്രമധുരമായ ദൈവത്തിന്റെ ശബ്ദമവൻ ശ്രവിച്ചു. ആ ശബ്ദം അവനെ വീണ്ടും ബലപ്പെടുത്തി; അവന്റെ ശേഷിച്ച കൃത്യം തുടരുവാൻ അവനെ ശക്തനാക്കി. അവൻ ദൈവത്തോട് കൂടെ നടന്നു. അവൻ സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ടു!

ആശ്രയം ദൈവത്തിൽ മാത്രമായിരിക്കട്ടെ. നമ്മെ അവൻ കൈവെടിയില്ല. വിശ്വാസം മുറുകെ പിടിക്കുക. നമുക്ക് സാത്താന്റെ ഭീഷണികളെ തകർക്കാൻ കഴിയണമെങ്കിൽ നമ്മുടെ വിശ്വാസം അചഞ്ചലമായിരിക്കണം. അവങ്കലേയ്ക്ക് നോക്കണം. നമ്മുടെ പ്രതിസന്ധികൾ, അവ എത്ര ഭീകരമെങ്കിലും അതെല്ലാം നീക്കി, പുതിയൊരാ കാശവും പുതിയൊരു ഭൂമിയും സൃഷ്ടിച്ചു നൽകുവാനവനു കഴിയും. ഭീഷണികൾക്കു മുന്നി ൽ മനം തകരാതെ, പ്രാർത്ഥനയോടെ, പ്രത്യാശയോടെ എല്ലാം ദൈവത്തിങ്കൽ സമർപ്പിക്കുക. തീർച്ചയായും നാം ലജ്ജിതരാകില്ല; മറിച്ച്, പ്രകാശിതരാകും.

ജോയി എം ജോൺ, മരത്തനാക്കുഴി പുസ്തകാഭിപ്രായം

# യുദ്ധത്തിനായി ഒരുങ്ങുക



"ഇത് ജാതികളുടെ ഇടയിൽ വിളിച്ചു പറവിൻ! വിശുദ്ധ യുദ്ധത്തിന് ഒരുങ്ങിക്കൊൾവിൻ! ..... ജാതികൾ ഉണർന്ന് യഹോശാഫാത്ത് താഴ്‌വരയിലേക്ക് പുറപ്പെടട്ടെ.... വിധിയുടെ താഴ്‌വരയിൽ അസംഖ്യസമൂഹങ്ങളെ കാണുന്നു. വിധിയുടെ താഴ്‌വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു." യോവേൽ 3:9– 14.

കണ്ണുകൾ തുറന്നു നോക്കുകയാണെങ്കിൽ ഒരു ശരാശരി ക്രിസ്ത്യാനിയെ തികച്ചും അമ്പരപ്പിക്കുകയും ഭീതിയിലാഴ്ത്തുകയും ചെയ്യുന്ന വിധത്തിൽ നമ്മുടെ രാജ്യത്തും ലോകമെമ്പാടും തിന്മ പരസ്യമായി തേരോട്ടം നടത്തുകയാണ്. നമ്മുടെ സുഖകരമായ കൊച്ചുഭവനങ്ങളിലും, സുഖകരമായ കൊച്ചുപള്ളികെട്ടിടങ്ങളിലും നമ്മുടെ നിരവധി പദ്ധതികളിലും ഒളിച്ചിരിക്കാനുള്ള തിരക്കിലാണ് നാം......

സാധ്യമായ എല്ലാ മാധ്യമസ്രോതസ്സുകളിലൂടെയും ദശലക്ഷക്കണക്കിനാളുകളുടെ ചെയ്തികളിലൂടെയും വളരെ വ്യക്തമായും ഉച്ചത്തിലും സാത്താന്റെ ആഹ്വാനങ്ങൾ കടന്നു വന്നുകൊണ്ടാണിരിക്കുന്നത്. " എന്നെ സേവിക്കുക അല്ലെങ്കിൽ മരിയ്ക്കുക"....

തീരുമാനത്തിന്റെ താഴ്‌വരയിലെ ഈ ജനങ്ങൾക്ക് ആരാണ് മുന്നറിയിപ്പ് നൽകുക? സാത്താനെ അവർ സേവിയ്ക്കേ ണ്ടതില്ല എന്ന സന്ദേശം ആരാണ് അവർക്കു നൽകുക? കർത്താവിന്റെ വാൾ കൈയിലേന്തിക്കൊണ്ട് യുദ്ധത്തിനു പോകുവാൻ ആവശ്യമായ വിശ്വാസം ആർക്കുണ്ട്?.....

പ്രിയമുള്ളവരെ യുദ്ധം നമ്മുടെ മേൽ വീണു കഴിഞ്ഞിരിക്കുകയാണ്. നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അതിൽ നിന്ന് വഴുതിമാറുക സാധ്യമല്ല. ഇത് ദുഷ്കാലമാണ്. കാലം അധികമില്ലതാനും. നാം തീരുമാനത്തെ അഭിമുഖീകരിക്കുകയാണ്. ഒന്നുകിൽ നാം സാത്താനെ സേവിക്കും. അല്ലെങ്കിൽ വാളെടുത്ത് പടവെട്ടും...

തികച്ചും പൈശാചികമായ ശക്തിയോട് എതിരിടുമ്പോൾ യേശുക്രിസ്തുവിന്റെ ശക്തിയിലും അധികാരത്തിലും അതിനെതിരെ നിലയുറപ്പിക്കാനാവും വിധം ദൈവത്തോടുള്ള സാമീപ്യം നിങ്ങൾ അനുഭവിക്കുന്നുണ്ടോ?

അവസാനമായി ഞാൻ നിങ്ങളെ വെല്ലുവിളിക്കാനാഗ്രഹിക്കുന്നു. "തീരുമാനത്തിന്റെ താഴ്‌വരയിൽ നിങ്ങൾ എവിടെ നില്ക്കുന്നു?"

(ഇത് ഒരു പുസ്തകത്തിന്റെ ആമുഖമാണ്. ഡോ. റിബേക്ക ബ്രൗൺ എം. ഡി എഴുതിയ "യുദ്ധത്തിനായി ഒരുങ്ങുക" എന്ന ഗ്രന്ഥത്തിന്റെ മുഖവുര. അമേരിക്കൻ ഐക്യനാടുകളിൽ കർത്താവു ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ഡോക്ടറാണ്(ഓങ്കോളജിസ്റ്റ്) റിബേക്ക ബ്രൗൺ. സാത്താൻ സേവയിലേയ്ക്ക് ആഴത്തിൽ ഇറങ്ങിപ്പോയ അനേകരെ സാത്താന്റെ രാജ്യത്തിൽ നിന്ന് വിടുവിച്ച് ക്രിസ്തുവിന്റെ രാജ്യത്തിലാക്കുന്ന മഹത്വകരമായ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. ദീർഘമായ ആത്മീയ പോരാട്ടങ്ങളിൽ നിന്ന് ഗ്രഹിച്ച അനുഭവ പാഠങ്ങളും, കർത്താവ് വെളിപ്പെടുത്തിക്കൊടുത്ത ആത്മീയ മർഗ്ഗങ്ങളും ലോക ജനതക്കുവേണ്ടി, കർത്താവിന്റെ കല്പന പ്രകാരം വെളിപ്പെടുത്തിയിരിക്കുന്ന 4 പുസ്തകങ്ങൾ ലഭ്യമാണ്

1. അവൻ ബന്ധിതരെ വിടുവിക്കുവാൻ വന്നു (He came to set the captives free)
2. തകർക്കപ്പെടാത്ത ശാപങ്ങൾ (Unbroken curses)
3. യുദ്ധത്തിനായി ഒരുങ്ങുക (Prepare for war)
4. മാനപാത്രം ആകുവാൻ (Becoming a vessel of honour)

ഇംഗ്ലീഷിലും മലയാളത്തിലും പുസ്തകങ്ങൾ ലഭിക്കുന്നു. ഓരോ ക്രിസ്ത്യാനിയും, ആത്മീയ രംഗത്ത് നിൽക്കുന്നവർ പ്രത്യേകിച്ചും, നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ.

അനേക വ്യക്തിജീവിതങ്ങളും ഭവനങ്ങളും പ്രതിസന്ധികളിലും പ്രയാസങ്ങളിലും അഴലുമ്പോൾ യഥാർത്ഥകാരണം കണ്ടെത്താനാകാതെ വലയുകയാണ്. ശാപങ്ങളും, തലമുറകളായുള്ള ബന്ധനങ്ങളും നിൽക്കുന്നതുകൊണ്ടാണ് ബഹുഭരിപക്ഷത്തിനും വിടുതൽ കിട്ടാത്തത്. മനുഷ്യർ കുറുക്കുവഴികളിലൂടെ നേർകാഴ്ചകളിലൂടെ, അനുഷ്ഠാനങ്ങളിലൂടെ പരിഹാരത്തിന് ശ്രമിക്കുന്നു. യഥാർത്ഥത്തിൽ വിടുതൽ വേണ്ടതായ ശാപങ്ങളെയോ, ബന്ധനങ്ങളേയോ തിരിച്ചറിയാൻ പോലും കഴിയുന്നുമില്ല. ഈ പുസ്തകങ്ങൾ നമ്മുടെ വിടുതലിനു വേണ്ടി എന്തുചെയ്യണം എന്ന വ്യക്തമായ മാർഗ്ഗരേഖ തരുന്നു. 100% പ്രയോജനകരമായ പുസ്തകങ്ങൾ.

ഡീ. ബേസിൽ ജോസഫ് , പാങ്കോട്

ലേഖനം

# ത്രീസായ് ശുബ്ഹോ



മലങ്കരയിൽ ഇന്ന് സഭാ തർക്കത്തിന്റെ പേരിൽ ഏറ്റവും അധികം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ഒരു പദമാണ് ഓർത്തഡോക്സ്. നമ്മുടെ സഭയുടെ പേരിൽ നിന്നു പോലും നാം അറിയാതെ ഈ പദം കൊഴിഞ്ഞു പോകുന്നുണ്ട്. മാത്രമല്ല മറ്റു പല വിഭാഗങ്ങളും ഈ പദം തങ്ങളുടെ പേരിനോട് ചേർത്ത് വച്ച് പൗരാണികത്വം അവകാശ പ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഓർത്തഡോക്സ് എന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും നാം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാകുന്നു.

പുതിയ നിയമത്തിലെ ഭൂരിപക്ഷം പുസ്തക ങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന യവനായ (ഗ്രീക്ക്) ഭാഷയിലെ ഒരു പദമാണ് ഓർത്ത ഡോക്സ്. ഓർത്തോസ് (orthos) എന്നും ഡോക്സ (doxa) എന്നുമുള്ള ഗ്രീക്ക് പദങ്ങൾ ചേർന്നാണ് ഈ പദം രൂപം കൊണ്ടിട്ടുള്ളത്. ഓർത്തോസ് എന്നതിന് സത്യമായത്, ശരിയായത് എന്നെല്ലാം അർത്ഥം. ഡോക്സ് എന്നാൽ വിശ്വാസം, അഭിപ്രായം എന്നെല്ലാമാണ് അർത്ഥം. ചുരുക്ക ത്തിൽ ശരിയായ പഠിപ്പിക്കൽ അഥവ സത്യമായ വിശ്വാസം എന്നെല്ലാം ആണ് ഓർത്തഡോക്സ് എന്ന പദത്തിന്റെ അർത്ഥം. ത്രീസായ് ശുബ്ഹോ എന്ന പദമാണ് സുറിയാനി ഭാഷയിൽ ഈ പദത്തിന് ഉപയോഗിക്കുന്നത്. മലയാളത്തിൽ സ്തുതി ചൊവ്വാക്കപ്പെട്ട സഭ എന്നെല്ലാം ഭാഷാന്തരം ചെയ്യപ്പെട്ട് ഉപയോഗിക്കുന്നു.

സഭയിൽ വേദവിപരീതം ശക്തിപ്പെടുകയും പല സഭകളും രൂപപ്പെടുകയും ചെയ്തപ്പോൾ വിശ്വാസി സമൂഹത്തെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിന് വേണ്ടിയാണ് ഓർത്തഡോക്സ് എന്ന പദം സഭയുടെ പേരിനോട് ചേർത്ത് ഉപയോഗിച്ച് തുടങ്ങിയത്. ഏതാണ്ട് നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രീക്ക് പിതാക്കന്മാർ ആണ് ഈ പദം ആദ്യം ഉപയോഗിച്ചത്. മലങ്കരയിൽ ചുരുങ്ങിയത് ഒമ്പതാം നറ്റാണ്ടിനോട് കൂടിയെങ്കിലും ഈ പദം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അന്ന് മലങ്കരയിൽ ഒരു വിശ്വാസവും ഒരു സഭയും ആയിരുന്നു ഉണ്ടായിരുന്നത്.

ലോകത്തിലുള്ള ക്രൈസ്തവ സഭകളെ പൊതുവെ നമുക്ക് മൂന്നായി തിരിക്കാം.

1. കത്തോലിക്ക സഭ, 2. ഓർത്തഡോക്സ് സഭകൾ, 3. പ്രോട്ടസ്റ്റന്റ് സഭകൾ അഥവ പെന്തക്കൊസ്ത്/ നവീകരണ സഭകൾ. ഇതിൽ ആദ്യ രണ്ട് സഭകൾ ശ്ലൈഹീക കാലഘട്ടം മുതൽ നിലവിലുള്ളതും. മൂന്നാമത്തെ വിഭാഗത്തിന് ഒരു ചുരുങ്ങിയ പാരര്യം മാത്രമുള്ളതാണ്.

ഓർത്തഡോക്സ് സഭകളെ വീണ്ടും മൂന്നായി തിരിക്കാം

1. ആദ്യത്തെ രണ്ട് സുന്നഹദോസുകളെ (പൊതു) മാത്രം അംഗീകരിക്കുന്ന അസ്സീറിയൻ സഭകൾ


2. ആദ്യ മൂന്ന് പൊതു സുന്നഹദോസുകളെ അംഗീകരിക്കുന്ന ഓറിയന്റൽ(പൗരസ്ത്യ) ഓർത്തഡോക്സ് സഭകൾ.

3. ആദ്യത്തെ ഏഴ് സുന്നഹദോസുകളെ അംഗീക രിക്കുന്ന കിഴക്കൻ ഓർത്തഡോക്സ് സഭകൾ

പൗരസ്ത്യ ഓർത്തഡോക്സ് സഭാ കുടുംബ ത്തിൽ അഞ്ച് അംഗങ്ങൾ ഉണ്ട് അതിൽ ഒരു അംഗമാണ് നമ്മുടെ സഭയായ സുറിയാനി ഓർത്തഡോക്സ് സഭ. കൂടാതെ അലക്സാന്ത്രിയൻ അഥവാ കോപ്റ്റിക് ഓർത്തഡോക്സ് സഭ, അർമ്മേനിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭ എന്നിവ. ഈ സഭാ കുടുംബത്തിലെ അംഗങ്ങൾ എല്ലാം തന്നെ കൗദാശിക ഐക്യമുള്ള സഹോദരി സഭകളാണ്.

അപ്പോൾ ഓർത്തഡോക്സ് എന്ന പദം സഭയുടെ പേരിനേക്കാൾ സത്യമായ വിശ്വാസമാണ്./ പഠിപ്പിക്കലാണ്. അത് ഒരു ജീവിത ചര്യയാണ്. അഞ്ച് പ്രധാനപ്പെട്ട തൂണുകളാണ് ഓർത്തഡോക്സിനുള്ളത്. 1. ത്രിത്വ വിശ്വാസം, 2. വേദപുസ്തകത്തിന്റെ ആധികാരികത, 3. വി. പാരമ്പര്യങ്ങൾ, 4. വി. ദൈവമാതാവിനോടും, വിശുദ്ധരോടും വാങ്ങിപ്പോയവരോടും ഉള്ള സംസർഗ്ഗം, 5. കൗദാശിക ജീവിതം. ഈ വിശ്വാസത്തിൽ നിലനിൽക്കുന്ന സഭാ സമൂഹ ങ്ങളിൽ ഒന്നാണ് അന്ത്യോഖ്യാ ആസ്ഥാനമായുള്ള ആകമാന സുറിയാനി ഓർത്തഡോക്സ് സഭയും അതിന്റെ ഭാഗമായുള്ള ഭാരതത്തിലെ സുറിയാനി ഓർത്തഡോക്സ് സമൂഹവും.

(തുടരും)



2020 ജനുവരി 16-ന്
പൗരോഹിത്യം സ്വീകരിച്ച
കട്ടപ്പുറത്ത്
ബഹു. ജേക്കബ് മാത്യു
(ജെംസ്) കശ്ശീശായ്ക്ക്
പ്രാർത്ഥനാ മംഗളങ്ങൾ
May he give you the desire of your heart and make all your plans succeed. (psalms 20:)
10
HAPPY BIRTHDAY
23 APRIL 2020
ALICIA MARTHA JOSEPH
Kolathukudy Puthenpurayil


He who finds a wife finds what is good and receives favor from the LORD. (Proverbs 18:22)
Wedding Wishes
2nd FEBRUARY 2020
ELDHO & BEENU
OTTOKUZHIYIL


Wish u
Happy Married
Life
"With all humility and gentleness, with patience,
bearing with one another in love, eager to maintain
the unity of the Spirit in the bond of peace."
(Ephesians 4:2-3)
5th JANUARY 2020
ISSAC & ALPHA
PARAMBATH KIZHAKKEKKARA

# പാവനസ്മൃതിയിൽ



20–ാം ചരമവാർഷികം

31 മാർച്ച് 2020

## ചെറിയ വർഗ്ഗീസ്

"നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ
കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം
കർത്താവിനുള്ളവരാണ്." റോമർ 14 :8




# മറിയാമ്മ വർഗ്ഗീസ്

19–ാം ചരമവാർഷികം

25 മാർച്ച് 2020

## കാഞ്ഞിരത്തിങ്കൽ (പാലക്കുഴിയിൽ)



"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവ സ്വരമതുണർത്തണമേ
കബറിന്നുദ്യാനത്തിന്നായ്"

# സ്നേഹസ്മൃതിയിൽ

5–ാം ചരമവാർഷികം

26 മാർച്ച് 2020

## എ. പി. മത്തായി

അമ്മാത്തുകുഴി

"ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ലല്ലോ; വരുവാനുള്ളതത്രേ
നാം അന്വേഷിക്കുന്നത്" (എബ്രായർ 13:14)

# സ്നേഹസ്മരണയ്ക്ക്

4–ാം ചരമവാർഷികം

30 ഏപ്രിൽ 2020

## മോളി മത്തായി

തലവടിക്കുഴിയിൽ



"ഞാൻ തന്നെ പുനരുദ്ധാനവും ജീവനുമാകുന്നു, എന്നിൽ വിശ്വാസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11:25)



# പാവനസ്മൃതിയിൽ

2–ാം ചരമവാർഷികം

29 ഏപ്രിൽ 2020

## പൗലോസ് പി. പി

## പടിപ്പുരയ്ക്കൽ (ചെള്ളയിൽ)

"നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്." റോമർ 14 : 8

# സ്നേഹസ്മരണയിൽ

16–ാം ചരമവാർഷികം

8 ഫെബ്രുവരി 2020

## ചെറുച്ചി മത്തായി

## തവളച്ചാലിൽ



"ശരീരത്തിൽനിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു." (2 കൊരിന്ത്യർ 5:8)

# സ്നേഹസ്മൃതിയിൽ



42–ാം ചരമവാർഷികം

2 മാർച്ച് 2020

## ഇട്ടൻ പൈലി



35–ാം ചരമവാർഷികം

2 മാർച്ച് 2020

## അന്നമ്മ പൈലി

ചേനക്കോട്ട്

"ഈ ദാസന് അങ്ങു നൽകിയവാഗ്ദാനമനുസരിച്ച് അങ്ങയുടെ കാരുണ്യം
എന്നെ ആശ്വസിപ്പിക്കട്ടെ!" സങ്കീർത്തനങ്ങൾ 119 : 76

# സ്നേഹസ്മരണയിൽ



31–ാം ചരമവാർഷികം

22 ഫെബ്രുവരി 2020

## ജോണി മർക്കോസ്

മണ്ണാംപുറത്ത്

# വിശ്വസ്തത

കുര്യൻ ഇ. എം , ഇടത്തിപ്പറമ്പിൽ

ലേഖനം

വി. ബൈബിളിൽ, അപ്പോസ്തൊല പ്രവർത്തികളിൽ, പരി. പൗലോസ് ശ്ലീഹ, തെസ്സലോനിക്യ സഭയ്ക്ക് ഇപ്രകാരം ഉപദേശിക്കുന്നു. സ്ഥിരതയോടു കൂടി നില്പിൻ, പാരമ്പര്യങ്ങളെ മുറുകെ പിടിയ്ക്കുവിൻ. പിതാവാം ദൈവം നിങ്ങളുടെ ഹൃദയങ്ങളെ സമാശ്വസിപ്പിച്ച് നല്ല പ്രവൃത്തികളിലും വാക്കുകളിലും ഉറച്ചു നില്ക്കുവിൻ എന്ന്.

മേൽ പറഞ്ഞ ആത്മീയ ദൂത് നമ്മിൽ ഓരോരുത്തരോടും കൂടിയാണ് പറ ഞ്ഞത് എന്നറിയുക. എന്നാൽ ഇന്ന് പ്രത്യേകിച്ച്, ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്ന നാം ഓരോരുത്തരും മറന്നുകളയുന്നതായ ഒരു സ്വഭാവമാണ് വാക്കു പാലിക്കുക എന്നത്.

നന്മ ചെയ്യുന്നതിൽ തീക്ഷ്ണത ഉള്ളവരായി മറ്റുള്ളവർക്ക് മാതൃകയായി മാറേണ്ടവരാണ് നമ്മൾ. സഹജീവികളോട് ഹൃദയപൂർവ്വം ക്ഷമിച്ച് ദൈവത്തെ പ്രീതിപ്പെടുത്തുന്ന കാര്യത്തിൽ നാം സ്ഥിരതയുള്ളവരായി മാറണം.

ദൈവവചനം മറ്റുള്ളവർക്ക് പറഞ്ഞു മനസ്സിലാക്കേണ്ട നാം പ്രത്യേക ശ്രദ്ധയുള്ളവരായി തീരണം.

നമ്മുടെ എല്ലാ ഭവനങ്ങളിലും ഭാര്യഭർത്താക്കന്മാർ തമ്മിൽ സ്ഥിരതയോടു കൂടി ജീവിതം നയിച്ച് മറ്റുള്ളവർക്ക് മാതൃകയായി മാറണം. ഇന്ന് ആത്മീയവും ലൗകീകവുമായ എല്ലാ മേഖലകളിൽ നിന്നും സ്ഥിരത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു തൊഴിലു പോലും തക്ക സമയത്ത് ചെയ്തു തീർക്കുന്നതിന് ഉത്സാഹം കാണിക്കാറില്ല.

വിശ്വാസികളുടെ പിതാവായ അബ്രാഹം, മോശ, യോശുവ എന്നീ പിതാക്കന്മാർ യഹോവയ്ക്ക് ചെവി കൊടുത്ത് ദൈവവചനങ്ങളെ അനുസരണയോടു കൂടി കേട്ട് യിസ്രായേൽ മക്കളെ സ്ഥിരതയോടു കൂടി കാനാൻ ദേശത്തേക്കു നയിച്ച് മാതൃക കാണിച്ചു തന്നവരാണ്.

വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യനും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കൾ ആകേണ്ടുന്നതിന് എല്ലാ പിറുപിറുപ്പും വാദവും കൂടാതെ ചെയ്യുവിൻ എന്ന സന്ദേശം നിങ്ങളിൽ അലയടിക്കട്ടെ.

അനുതാപത്തിന്റെ സങ്കീർത്തനത്തിൽ ഇപ്രകാരം നാം പ്രാർത്ഥിക്കാറുണ്ടല്ലോ "സ്ഥിരതയുള്ള ഒരു ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കേണമേ" എന്ന്. ഇതിനായി പരിശുദ്ധാത്മാവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്.

ഒരു ദൈവപൈതൽ വിശ്വസ്തനായി ജീവിച്ചാൽ ഭൂമിയിൽ ആരും തരാത്തതായ പേരും ഉയർച്ചയും സൂര്യനേപ്പോലെ ഉദിച്ചു നിൽക്കും.

ഒരു കഥ ഇപ്രകാരമാണ്:-

ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോട് ഇപ്രകാരം ചോദിച്ചു: വ്യത്യസ്തങ്ങളായ കാര്യങ്ങൾ നേടുന്നതിനായി വേറൊരു ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചാൽ കൊള്ളായിരുന്നു. അതിനുള്ള അനുവാദം തരണം" . നീ എന്തു വിഡ്ഢിത്തമാണ് പറയുന്നത്? ര ണ്ട് മുയലുകളെ ഒരുമിച്ച് പിടിക്കുന്നതിന് ശ്രമിച്ചാൽ ഒന്നുപോലും ലഭിക്കുകയില്ല. സ്ഥിരത ഒരു നിർണ്ണായക ഘടകമാണ്. പരിശ്രമത്തിലും പുരോഗതിയിലും മനസ്സിന്റെ ചാഞ്ചാട്ടം പ്രവൃത്തികളുടെ പൂർണ്ണത ഇല്ലാതാക്കും. സംശയദൃഷ്ടിയോടും, അർദ്ധ മനസ്സോടും കൂടി സമീപിക്കുന്നതെല്ലാം വഴുതിപ്പോകുമെന്നറിയുക.

സ്വന്തമാക്കാൻ ആഗ്രഹിച്ച പലതും അകന്നുപോകുന്നത് ലക്ഷ്യം വച്ചവയുടെ വലുപ്പം കൊണ്ടോ, അപ്രാപ്യത കൊണ്ടോ അല്ല മനസ്സിനുള്ളിലെ ഊർജ്ജത്തിന്റെയും വിശ്വാസത്തിന്റെയും പരിമിതി കൊണ്ടാണ്.

പരിശീലിപ്പിക്കുന്ന പരിശീലകനെയും പ്രവൃത്തിയേയും അവിശ്വസിക്കുന്നവർ ശിഷ്യനെന്ന വിളിപ്പേരിനു പോലും അർഹനല്ല. വഴികാട്ടിയെ സംശയിക്കുന്നവർ വഴിയേയും ചുറ്റുപാടുകളേയും സംശയിക്കും. ആ ഗുരുവിന്റെ ഉപദേശം നമുക്ക് വഴികാട്ടിയാവട്ടെ.

**ജീവിതം നാണയത്തിനു സമാനമാണ്. സന്തോഷവും വേദനകളും നാണയത്തിന്റെ ഇരുവശങ്ങളും. ഒരു നേരം ഒരു വശം മാത്രമേ ദൃഷ്ടിയിൽ വരൂ. പക്ഷേ ഓർക്കുക മറുവശം തന്റെ അവസരത്തിനായി കാത്തിരിക്കുന്നുണ്ട്.**

യാത്രാവിവരണം

ആനി മാത്യു കുടകുത്തിൽ

# പുണ്യഭൂമിയിലൂടെ- ഭാഗം 6



**ഗലീലി തടാകത്തിലൂടെ ബോട്ടുയാത്ര**

വിശാലമായ ഗലീലി തടാകത്തിലൂടെ ഞങ്ങൾ ബോട്ടുയാത്ര നടത്തി. ബോട്ടിനുള്ളിൽ ഇന്ത്യൻ പതാക ഉയർത്തി വന്ദേമാതരം ആലപിച്ച് ഇംഗ്ലീഷുകാർ ഞങ്ങളെ സ്വാഗതം ചെയ്തു. സീയോൻ സഞ്ചാരി ഞാൻ എന്ന ഗാനം കീ ബോർഡിൽ വായിച്ച് തടാകത്തിലെ കൊച്ചോളങ്ങളേയും ഞങ്ങളെയും പുളകമണിയിച്ചു. പാട്ടും ആക്ഷൻ സോങ്ങുമായി സമയം പോയതറിഞ്ഞില്ല. തിരമാലകളോട് മൗനയാത്രയും പറഞ്ഞ് ബോട്ട് ജീവനക്കാർക്ക് നന്ദിയും രേഖപ്പെടുത്തി തിരിച്ച് ജോർദ്ദാൻ വഴി വീണ്ടും അടുത്ത സ്ഥലത്തിനെ ലക്ഷ്യമാക്കി പോയി.

**ഗിരിപ്രഭാഷണ മല- മത്താ: 5:1-12**

യേശു തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണം നടത്തിയത് ഇവിടെയാണ്. ഒരുവൻ തന്റെ ജീവിതത്തിൽ അവൻ അനുഷ്ഠിക്കേണ്ട 8 സ്വർഗ്ഗീയ അനുഭവങ്ങൾ പഠിപ്പിച്ചത് ഇവിടെ വച്ചാണ്. വേദഭാഗം വായിച്ച് ധ്യാനിച്ച് മടങ്ങി.

**ജെത്രോയുടെ കല്ലറ**

യഹൂദന്മാരുടെ വിശ്വാസപ്രകാരം മോശയുടെ അമ്മായിയപ്പനായ ജെത്രോയുടെ കല്ലറയും ഞങ്ങൾ കണ്ടു. അവിടെ നിന്നും പ്രാർത്ഥിച്ചും, ആസ്വദിച്ചും ഞങ്ങൾ മടങ്ങി. ജീവിതത്തിലെ നല്ല നിമിഷങ്ങളോർത്ത് ഞങ്ങൾ ദൈവത്തെ സ്തുതിച്ചു.

**ഗലീലിയിലെ ഉച്ചഭക്ഷണം- യോഹ: 21:2-12**

ഗലീലിക്ക് മറ്റൊരു പേരുണ്ടായിരുന്നു,തിബരിയാസ്. ഇവിടെ വച്ച് ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടു. കുഞ്ഞുങ്ങളെ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? യേശു അവർക്ക് ഇല്ലയെന്നുള്ള ഉത്തരത്തിന് 153 മത്സ്യങ്ങളെ കൊടുത്തു തൃപ്തിപ്പെടുത്തി. ഞങ്ങളുടെ യാത്രയിൽ മൂന്നു നോമ്പായിരുന്നു. (നിനുവെ).

**ഗലീലി തടാകം**

അതിവിശാലമായ ഗലീലി തടാകത്തിൽ എല്ലാവരും ഇറങ്ങി. കൈയ്യും കാലും മുഖവും കഴുകി വെള്ളം കുപ്പിയിൽ ശേഖരിച്ചു, അവിടെ നിന്നും പോന്നു. വെള്ളം കലങ്ങി മറിഞ്ഞ് കാണപ്പെടുന്നു.

7-ാം ദിവസമായ വ്യാഴാഴ്ച ഞങ്ങളുടെ ടീമിന്റെ അവിസ്മരണീയ ദിനമായിരുന്നു. മർക്കോസിന്റെ മാളികയെന്ന് വായിച്ചും കേട്ടും അറിയാമെങ്കിലും നേരിട്ട് കണ്ടതിലുള്ള സന്തോഷം ഒന്നു വേറെ തന്നെ. സുറിയാനി സഭയുടെ ഏക ത്രോണോസാണിത്. 7 am ന് ഞങ്ങൾ മാളികയിലെത്തി. 1892 ൽ പരി. പരുമല കൊച്ചുതിരുമേനി ദസ്റ തുറമുഖം വഴി യോപ്പാപട്ടണത്തിലൂടെ ഇവിടെ എത്തി വി. കുർബ്ബാന അർപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ പ്രിയപ്പെട്ട പോൾ അച്ചൻ വി. ബലി അർപ്പിച്ചു. സജി സാറും ശ്രീ. കുര്യൻ എടത്തിപ്പറമ്പിലും ശുശ്രൂഷയിൽ പങ്കെടുത്തു. എല്ലാവരും വി. കുർബ്ബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കുകയും വി. കുർബ്ബാന അനുഭവിക്കുകയും ചെയ്തു. ഞങ്ങളുടെ വഴിപാട് സാധനങ്ങൾ ബഹു. അച്ചൻ വെഞ്ചരിച്ചു തന്നു.

**ബെത്സേദാ കുളം- യോഹ: 5:2-9**

വി. ബൈബിളിലെ ഏറ്റവും വലിയ അത്ഭുതങ്ങളിലൊന്നാണ് ഇവിടെ നടന്നത്. 38 വർഷം കുളത്തിനരികെ തളർവാതം പിടിച്ചുകിടന്ന മനുഷ്യനെ യേശു സുഖപ്പെടുത്തിയത്. ഈ കുളക്കരയിൽ വച്ചാണ്. ഈ കുളത്തിൽ 5 മണ്ഡപങ്ങൾ ഉണ്ട്. വലിയ പാറ വെട്ടി പല ആകൃതിയിലുള്ള കുളം. മുകളിൽ നിന്ന് നോക്കി കണ്ട് ഞങ്ങൾ മടങ്ങി.

**കുരിശിന്റെ വഴി- യോഹ: 19:17**

പീലാത്തോസിന്റെ മുമ്പിൽ വിചാരണയ്ക്കായി നിർത്തിയതുമുതൽ ഗോഗുൽത്താവരെ 24 മണിക്കൂർ നീളുന്ന അവസാന യാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീർ രക്തം ഇവ ചിന്തിയ വഴിയിലൂടെ വ്യാകുലമാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങേ അനുഗമിക്കുന്നു എന്ന വിശ്വാസത്തോടെ എല്ലാ സ്ഥലവും സഞ്ചരിച്ച് ഞങ്ങൾ അവിടെ നിന്നും

തിരിച്ചു. 14 സ്ഥലമാണ് ഈ സഞ്ചാരത്തിലുള്ളത്. 1. മിശിഹായുടെ വിധി 2. കുരിശ് ചുമക്കുന്നു 3. 1–ാം പ്രാവശ്യം വീഴുന്നു 4. മാതാവിനെ കണ്ട സ്ഥലം 5. ശിമയോൻ ഈശോയെ സഹായിക്കുന്നു 6. വെറോണിക്ക മുഖം തുടയ്ക്കുന്നു 7. 2–ാം പ്രാവശ്യം വീഴുന്നു 8. ഊർശ്ലേം സ്ത്രീകളെ ആശ്വസിപ്പിക്കുന്നു 9. 3–ാം പ്രാവശ്യം വീഴുന്നു 10. വസ്ത്രങ്ങൾ ഉരിയുന്നു 11. കുരിശിൽ തറയ്ക്കുന്നു 12. കുരിശിന്മേൽ തൂങ്ങിക്കിടക്കുന്നു 13. മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു 14. മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു. മേലിൽ പാപം ചെയ്യില്ല എന്ന ദൃഢനിശ്ചയത്തോടെ ഞങ്ങൾ അവിടെ നിന്നും മടങ്ങി.

**ഗോഗുൽത്താ – യോഹ: 19:17**

ഗോഗുൽത്താമല കാണുവാനായി പോയി. 43 സ്റ്റെപ്പുകൾ കയറി ഞങ്ങൾ അവിടെ എത്തി. ഏത് കഠിനഹൃദയവും അലിയുന്ന പൊന്നുസ്ഥലം. കർത്താവിന്റെ കുരിശു നാട്ടിയ സ്ഥലം കണ്ടപ്പോൾ അറിയാതെ കരഞ്ഞുപോയി. അവിടെ നിൽക്കാനുള്ള യോഗ്യത ആർക്കും ഇല്ല. ആ പുണ്യസ്ഥലം തൊട്ടുവന്ദിച്ച് ഞങ്ങൾ തിരി കത്തിച്ച് പ്രാർത്ഥന ചൊല്ലി അവിടെ നിന്നും മടങ്ങി. കർത്താവിനെ ക്രൂശിച്ചപ്പോൾ പാറ പിളർന്ന്, രക്തം ചിന്തിയപ്പോൾ ആദാമിന്റെ പപം മോചിക്കപ്പെട്ടു. അതിനാൽ യേശുവിന്റെ കല്ലറയുടെ അടുത്തായി ആദാമിനെ അടക്കിയ സ്ഥലവും കണ്ടു. ഇപ്പോഴും പാറ പിളർന്ന ഭാഗം നമുക്ക് കാണാം.

**യേശുവിന്റെ കല്ലറ–** യോഹ: 19:42

നെഞ്ചു തകർന്നുപോകുന്ന കാഴ്ച. സന്ദർശകരുടെ സ്പർശനമേറ്റ് കല്ലറയുടെ മുകൾ ഭാഗം കണ്ണാടിപോലെ കല്ലുകൾ മിന്നുന്നു. എല്ലാവരും കൈയ്യിലുണ്ടായിരുന്ന ടൗവൽ മറ്റു സാധനങ്ങൾ ഇവ കൊണ്ട് കല്ലറയുടെ മുകൾഭാഗത്ത് വിശ്വാസത്തോടെ തുടച്ചു വിശുദ്ധിയോടെ സൂക്ഷിക്കണമെന്ന് സംഘാടകർ പറഞ്ഞുതന്നു. അകത്തുകയറുമ്പോൾ താഴെ കല്ലറയുടെ ഭാഗം കാണാം. ഭീമാകാരമായ കല്ല് കൊണ്ട് കല്ലറയുടെ വാതിൽ അടച്ചിരിക്കുന്നതും നമുക്ക് കാണാം. ഈ കല്ലിൽ ചെവി വച്ച് ശ്രദ്ധിച്ചാൽ കർത്താവിന്റെ ദീനനിലവിളി ഇന്നും അവിടെ മാറ്റൊലി കൊള്ളുന്നു. ഞങ്ങൾ അങ്ങനെ വച്ച് നിലവിളി ശ്രദ്ധിച്ചു.

**ഭാവിയുടെ വാഗ്ദാനങ്ങൾ** – കുടുംബയൂണിറ്റ കലോത്സവം സബ് ജൂനിയർ പ്രസംഗ മത്സരം



# തിരിച്ചറിവ്

ഡീ. അക്ഷയ് സതീഷ്, മണ്ണത്തൂർ

ലഘു ലേഖനം



ജീവിതമാകുന്ന പുസ്തകത്തിന്റെ താളുകൾ മറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പുതിയ തുടക്കമാണ്. ഇന്നലെകളിലേക്കാളും നന്മകൾ ചെയ്യുവാനുള്ള അവസരങ്ങളാണ്. നന്മകൾ പ്രവർത്തിക്കുന്നതിലൂടെ നമ്മൾക്ക് മറ്റൊരു വ്യക്തിയുടെ മനസ്സിനെ ദൈവീകമായി സ്പർശിക്കുവാൻ സാധിക്കുന്നു. കാരണം ദൈവ സാന്നിദ്ധ്യമുള്ള മനസിലെ നന്മ എന്ന ദൈവീക ഭാവം നിലകൊള്ളുകയുള്ളൂ. എന്നാൽ ഇന്ന് ഈ ആധുനീക ലോകത്തിൽ മനുഷ്യൻ സ്വശക്തി യിലും, കഴിവുകളിലും അഹങ്കരിച്ച് ദൈവ സ്നേഹത്തെ മറക്കുന്ന ഒരു സ്ഥിതിയിലേക്ക് വന്നിരിക്കുകയാണ്. മനുഷ്യമനസ്സ് ദൈവത്തിൽ നിന്നകന്ന് അഹങ്കാരത്തിലേക്കും അധികാര മനോഭാവത്തിലേക്കും മാറിക്കൊണ്ടിരിക്കുന്നു.

നമുക്കറിയാം ലോകത്തിലെതന്നെ ഏറ്റവും വലിയ വെള്ളച്ചാട്ടമാണ് നയാഗ്രാ. അത് ഒരു അതിശൈത്യകാലമായിരുന്നു. നദിയിലൂടെ മഞ്ഞുകട്ടകൾ നിരനിരയായി ഒഴുകി വരുന്നു. അതിലൊരു മഞ്ഞുകട്ടക്കു മുകളിൽ ഒരു കുറുക്കന്റെ മൃതശരീരം ഉണ്ടായിരുന്നു. ഇതു കണ്ട് കൊതിപൂണ്ട ഒരു കഴുകൻ മെല്ലേ പറന്ന് അതിന്മേലിരുന്നു. അവൻ ആ ഭോജ്യം ആസ്വദിച്ച് ഭക്ഷിക്കുവാൻ തുടങ്ങി. കുറുക്കന്റെ മൃതശരീരം ആ കഴുകൻ കൊത്തി വലിച്ചു തിന്നുകൊണ്ടിരുന്നു. ഒടുവിൽ ആ മഞ്ഞുകട്ട വെള്ളച്ചാട്ടത്തിന്റെ തൊട്ടടുത്തെത്തിയിട്ടും കഴുകൻ പറന്നുയരാൻ കൂട്ടാക്കിയില്ല. കാരണം കഴുകൻ ഇങ്ങനെയാണ് ചിന്തിച്ചത്. “എനിക്ക് അതിശക്തമായ ചിറകുകൾ ആണുള്ളത്. എപ്പോൾ വേണമെങ്കിലും എനിക്ക് പറന്നുയരാം”. ആകാശം എന്റെ സാമ്രാജ്യമാണ്. ഞാൻ ഏറ്റവും ശക്തനായ ഒരു പക്ഷിയാണ്. അഹങ്കാരം നിറഞ്ഞു നിന്നിരുന്ന മനസ്സിൽ അപകടത്തിന്റെ മുന്നറിയി പ്പുകളെ ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. മഞ്ഞുകട്ടകൾ ഒന്നൊന്നായി താഴേക്കു പതിച്ച് ചിന്നിച്ചിതറുന്നുണ്ടാ യിരുന്നു. അപ്പോഴും കഴുകൻ ഇങ്ങനെ ചിന്തിച്ചു. “എനിക്ക് എപ്പോൾ വേണമെങ്കിലും ചിറകു വിരിച്ചു പറക്കാമല്ലോ. ഇനിയും രുചികരമായ ഭക്ഷണം ബാക്കി” ഒടുവിൽ ആ മഞ്ഞുകട്ട കൃത്യം വെള്ളച്ചാട്ടത്തിന്റെ മുകളിൽ എത്തിയപ്പോൾ കഴുകൻ ചിറകു വിരിക്കാൻ ശ്രമിച്ചു. പക്ഷെ അനങ്ങിയില്ല. മരം കോച്ചുന്ന തണുപ്പിൽ അവന്റെ ചിറകുകൾ മരവിച്ച് നിശ്ചലമായിപ്പോയിരുന്നു. അടുത്ത ക്ഷണത്തിൽ തന്നെ കഴുകനും ആ മഞ്ഞുകട്ടയോടൊപ്പം അത്യഗാതത്തിലേക്കു വീണ് പാറക്കല്ലുകളിൽ തട്ടി ഛിന്നഭിന്നമായി. ഈ കഥ വലിയൊരു പാഠം തരുന്നുണ്ട് സ്വന്തം കഴിവുകളിൽ അമിതമായി അഹങ്കരിക്കുന്ന മനുഷ്യർക്കും ഈ കഴുകന്റെ അനുഭവം വന്നുകൂടായ്കയില്ല. ലോകത്തിന്റെ സമ്പത്തു കളിലും, ആനന്ദങ്ങളിലും, ശക്തിയിലും മാത്രം ആശ്രയിക്കാതെ നമ്മെ സ്നേഹിക്കുന്ന കരുതുന്ന ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച് ഓരോ ദിവസവും മുമ്പോട്ടു കൊണ്ടുപോകുവാൻ നമുക്കു സാധിക്കണം. നമ്മൾ അനുഭവിക്കുന്ന നന്മകൾ എല്ലാം ദൈവത്തിന്റെ കരുണയാണ്. നമ്മുടെ ജീവിതം ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ പ്രതീകമാണ് എന്ന് മനസ്സിലാക്കി മുന്നേറുവാൻ നമുക്കു സാധിക്കട്ടെ



സൺഡേ സ്കൂൾ പ്രവേശനോത്സവം

ജൂഡിൻ ജോയി, ഞാറക്കാട്ട് **യൂത്ത് വോയ്സ്**

# യൂ ടേൺ



യാത്ര ചെയ്യാത്തവരായി ആരും തന്നെയില്ല. ജീവിതത്തിൽ പല തരത്തിലുള്ള യാത്രകൾ നടത്തിയവരാണ് നാമെല്ലാം. യാത്രക്കിടയിൽ എപ്പോഴൊ വഴി തെറ്റാത്തവരായി ആരും ഇല്ല.

തിരക്കാർന്ന പാതയിലൂടെയുള്ള യാത്ര ഇടയ്ക്കെപ്പോഴോ തിരിച്ചറിഞ്ഞു വഴി തെറ്റിയെന്ന്. കൂടുതലൊന്നും ചിന്തിക്കാൻ നിൽക്കാതെ തെറ്റായി അധികം കടന്നു പോയവഴിയിൽ നിന്നും ഒന്നു തിരിഞ്ഞു. കടന്നു പോന്നിടത്തോളം വഴി ഇനി തിരിച്ചു പോകണം. തെറ്റായ ദിശയിൽ നിന്നും യഥാർത്ഥ ദിശയിലേക്കുള്ള ഒരു 'യു ടേൺ' ആയിരുന്നു അത്. സുവിശേഷത്തിന്റെ നാളുകളിലൂടെ യാത്ര ചെയ്യുമ്പോൾ ജീവിതത്തിന്റെ നിർണായക സാഹചര്യങ്ങളിൽ 'യു ടേൺ' എടുക്കുന്ന കഥാപാത്രങ്ങളെ കാണാനാകും. വഴി തെറ്റിയെന്ന ബോദ്ധ്യത്തിൽ നിന്നുമാണ് യഥാർത്ഥ വഴി കണ്ടെത്താനുള്ള ആഗ്രഹം ഉടലെടുക്കുന്നത്. ഇപ്രകാരം ഒരു വഴിമാറ്റത്തിന്, ഒരു യു ടേണിന് ശ്രമിക്കുമ്പോൾ വളരെയധികം ബുദ്ധിമുട്ടുകൾ ഏറ്റെടുക്കേണ്ടി വരും. ഒന്നാമതായി വന്നവഴി തിരിച്ചു പോകണം. രണ്ടാമതായി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുകയും വേണം. ഇവ രണ്ടും സഹനവും ത്യാഗവും സമയനഷ്ടവും ഉണ്ടാക്കുന്നതാണ്.

ബാലനായ യേശുവിനെ പെസഹാ പെരുന്നാളിന്റെ അവസരത്തിൽ കാണാതാകുമ്പോൾ പരിശുദ്ധ കന്യക മറിയം അമ്മയും യൗസേഫ് പിതാവും ഒരു യു ടേൺ എടുത്ത് യേശുവിനെ കണ്ടെത്തുന്നുണ്ട്. ആണ്ടുതോറും അവർ പെരുന്നാളിനു പോയിരുന്നു എന്ന വചനത്തിൽ നിന്നും 12 വർഷം യേശുവും പെരുന്നാളിനു പോയിരുന്നുവെന്ന് മനസ്സിലാക്കാം. തീർത്തും പരിചിതമായ വഴികളിലൂടെയാകണം അവർ സഞ്ചരിച്ചത്. അതിനാലാകാം യേശുവിനെ നഷ്ടപ്പെട്ടതറിയാൻ ഒരു ദിവസം വേണ്ടി വന്നത്. എന്നിരുന്നാലും ഒട്ടും തന്നെ വൈകാതെ അവർ വന്ന വഴി തിരിച്ചു നടന്നു. ഒരു യു ടേൺ.

ഇതു തന്നെയാണ് നമ്മുടെയും അവസ്ഥ. പരിചിതങ്ങളായ വഴികളിൽ ലക്ഷ്യം തെറ്റുന്നത് നാം അറിയാതെ പോകും. പരിശുദ്ധ മറിയവും യൗസേഫും ഒരു ദിവസത്തിനു ശേഷമെങ്കിലും ലക്ഷ്യം തെറ്റിയെന്ന് മനസ്സിലാക്കി. വർഷങ്ങൾ തന്നെ കടന്നുപോയിട്ടും നാമിന്നും യാത്രയിലാണ്. ലക്ഷ്യം തെറ്റിയെന്നറിയാതെയുള്ള അല്ലെങ്കിൽ അറിയാൻ ശ്രമിക്കാതെയുള്ള ഒരു യാത്ര. കൈയ്യിലെ റാന്തൽവിളക്ക് അണഞ്ഞു പോയത് മനസ്സിലാക്കാതെ അതുമായി യാത്ര ചെയ്യുന്ന അന്ധ യാചകന്റെ കഥ കേട്ട് ചിരിക്കുമ്പോളും അയാളുടെ അതേ ഗതി തന്നെയാണ് എന്റേതെന്ന് എനിക്ക് അറിയുവാനാകുന്നില്ല. എന്റെ വഴികൾ തെറ്റുന്നത് എനിക്കറിയാൻ കഴിയാത്തത് വഴികാട്ടി നിൽക്കുന്ന ചൂണ്ടുപലകകളുടെ കുറവുകൊണ്ടല്ല മറിച്ച് വഴിയുടെ തെറ്റും ശരിയും എന്താണെന്നുള്ള അവബോധം എന്നിൽ ഇല്ലാതാകുന്നതിനാലാണ്.

ദിശയറിയാതെ അന്തമില്ലാത്ത യാത്ര ചെയ്യേണ്ടവരല്ല നാം. കൃത്യമായ ലക്ഷ്യം മുന്നിൽ കണ്ട് ആനന്ദയാത്ര ചെയ്യേണ്ടവരാണ്. അതിനായി തെറ്റിപ്പോയ ദിശയിൽ നിന്ന് യഥാർത്ഥ ദിശയിലേക്ക് നീങ്ങാം. പണ്ടെല്ലാം ഞാനെത്ര നല്ലവനായിരുന്നു. എന്നാൽ ഇന്ന് ഞാൻ.... പഴമയുടെ ഉമ്മറപ്പടിയിൽ ഇരുന്ന് ഈ വാക്കുകൾ ഇനിയും ഉരുവിടാതെ സ്വയം വിലയിരുത്തി നമുക്കൊന്ന് തിരിച്ചുനടക്കാം. ജീവിതത്തിൽ ഒരു യു ടേൺഎടുക്കാം. യേശുക്രിസ്തുവിലേക്കുള്ള ജീവിതയാത്രയ്ക്കായി ഈ പുണ്യപ്പെട്ട നോമ്പുകാലം പ്രയോജനപ്പെടുത്താം. നീറാംമുകൾ ബൈബിൾ കൺവെൻഷനായി പ്രാർത്ഥനാപൂർവ്വം നമുക്കൊരുങ്ങാം.


## രചനകളും പരസ്യങ്ങളും ക്ഷണിക്കുന്നു

- ലോഗോസ് ദ്വൈമാസികയിലേക്ക് രചനകളും, വാർത്തകളും, പരസ്യങ്ങളും ക്ഷണിക്കുന്നു.
- ആഘോഷവേളകളും (വിവാഹം, വിവാഹ വാർഷികം, ജന്മദിന വാർഷികം മുതലായവ) ഓർമ്മദിനങ്ങളും ലോഗോസിനോടൊപ്പം ആകുന്നത് ലോഗോസിന് ഒരു കൈത്താങ്ങായിരിക്കും.
- ലോഗോസ് ഒന്നിടവിട്ടമാസങ്ങളിൽ 1-ാം തീയതി പുറത്തിറങ്ങും. അടുത്ത ലക്കം (മെയ്-ജൂൺ 2020) രചനകളും പരസ്യങ്ങളും ഏപ്രിൽ 12 നു മുമ്പായി നൽകേണ്ടതാണ്.

## ഇടവക വിശേഷങ്ങൾ

**പെരുന്നാളുകൾ**

1) ശ്രാപ്പിള്ളി സെന്റ്. ജോർജ്ജ് കുരിശുപള്ളിയിലെ പ്രധാന പെരുന്നാൾ ഏപ്രിൽ 23, 24 (വ്യാഴം, വെള്ളി) തീയതികളിൽ ആഘോഷിക്കുന്നു.

2) ഗിരിമുകൾ മാർ ഗ്രീഗോറിയോസ് കുരിശുപള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 19, 20 (ഞായർ തിങ്കൾ) തീയതികളിൽ ആഘോഷിക്കുന്നു.

**23-ാമത് നീറാംമുകൾ ബൈബിൾ കൺവെൻഷൻ**

കത്തീഡ്രൽ യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2020 മാർച്ച് 27,28, 29 വെള്ളി, ശനി, ഞായർ തീയതികളിൽ. 6.00 pm സന്ധ്യാപ്രാർത്ഥന, 7.00 pm വചനശുശ്രൂഷ

**കുടുംബയൂണിറ്റ്**


പെരുന്നാളിനോടനുബന്ധിച്ച് കുടുംബസംഗമം നടത്തി. സൺഡേ സ്കൂളിൽ 50 വർഷം അദ്ധ്യാപകനായി പ്രശസ്ത സേവനം നടത്തിയ കാഞ്ഞിരത്തിങ്കൽ ശ്രീ. പി.വി മത്തായി സാറിന് സമുചിതമായി യാത്രയയപ്പ് നല്കി. വിവിധ മേഖലകളിൽ ഉന്നതവിജയം നേടിയവരെ ആദരിച്ചു. ഏറ്റവും നല്ല കുടുംബയൂണിറ്റായി മാർ ബസേലിയോസ് യൂണിറ്റും (നമ്പർ 3) രണ്ടാം സ്ഥാനം മാർ ഗ്രിഗോറിയോസ് യൂണിറ്റും (നമ്പർ 2) തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബയൂണിറ്റ് കലോത്സവത്തിൽ മാർ ബസേലിയോസ് യൂണിറ്റ് ഒന്നാം സ്ഥാനവും സെന്റ്. കുര്യാക്കോസ് യൂണിറ്റ് രണ്ടാം സ്ഥാനവും സെന്റ്. ജോൺസ് യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കുടുംബയൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ വീടുകളിലെ കരോൾ പ്രവർത്തനങ്ങളിൽ ബേത്‌ലഹേം യൂണിറ്റ് ഒന്നാം സ്ഥാനവും മാർ ബസേലിയോസ് യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കലോത്സവ വിജയികൾക്ക് സമ്മാനങ്ങൾ നല്കി.

## ചരമ അറിയിപ്പ്



1. കുഴിക്കാട്ടുകുഴിയിൽ കെ. യു വറുഗീസ് (88) 09.01.2020 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മക്കൾ: ഡയസ്, മോളി, സിസിലി, പരേതനായ ജോയി, സൂസൻ, സ്റ്റീഫൻ, ഷാജി മരുമക്കൾ: വത്സ, തോമസ്, ജോയി, വത്സ, ജോസഫ്, സിന്ധു, സിമി



2. കാവനാക്കുടിയിൽ മറിയാമ്മ മത്തായി (78) 18.01.2020 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. സഹോദരങ്ങൾ ഏലി, സാറാമ്മ, ഏലിയാസ്, കുര്യാച്ചൻ, അന്നമ്മ



3. മേപ്പുറത്ത് മറിയാമ്മ ജേക്കബ് (92) 21.01.2020 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. മക്കൾ: സൂസി, പരേതനായ ജോയി, മിനി, ലാലി, സാജു മരുമക്കൾ:ജോയി, മേരി, പരേതനായ പി.പി ജോയി, രാജു



4. ആറ്റുപുറത്ത് വർഗീസ് മാത്തു (73) 13.02.2020 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ഭാര്യ : അമ്മിണി മക്കൾ : ബിജു, ഷിബി മരുമക്കൾ: ഐബി, സജി

# വിവാഹിതരായി

1. കത്തീഡ്രൽ ഇടവകയിൽ പറമ്പാത്തുകിഴക്കേക്കരയിൽ കെ.കെ ജോസിന്റെയും മേരി ജോസിന്റെയും മകൾ ആൽഫയും വെണ്ണിക്കുളം സെന്റ്. ജോർജ്ജ് പള്ളി ഇടവകയിൽ മത്തോക്കിൽ ജോസ് ഐസക്കിന്റെയും സിജി ജോസിന്റെയും മകൻ ഐസക്കും തമ്മിൽ 05.01.2020 ൽ വിവാഹിതരായി.

2. കത്തീഡ്രൽ ഇടവകയിൽ വാഴമറ്റത്തിൽ ബേബി ചാക്കോയുടെയും ബേബി ബേബിയുടെയും മകൻ പോൾസൺ ബേബിയും കുറ്റയംചാൽ സെന്റ്. ജോർജ്ജ് പള്ളി ഇടവകയിൽ ചേലാട്ട് തോമസ് കുര്യാക്കോസിന്റെയും ഷേർലി തോമസിന്റെയും മകൾ അനീറ്റയും 20.01.2020 വിവാഹിതരായി.

3. കത്തീഡ്രൽ ഇടവകയിൽ ബ്ലൂബെൽസ് വില്ല എം. പി കുര്യാക്കോസിന്റെയും, ലില്ലി കുര്യാക്കോസിന്റെയും മകൾ ബിൽഹ കുര്യാക്കോസും പിറവം സെന്റ്. മേരീസ് കത്തീഡ്രൽ ഇടവകയിൽ ഈന്തുംകാട്ടിൽ രാജു.ഇ.പൗലോസിന്റെയും ഷീല രാജുവിന്റെയും മകൻ ഷരിൻ രാജുവും 20.01.2020 ൽ വിവാഹിതരായി.

4. കത്തീഡ്രൽ ഇടവകയിൽ ഓട്ടോകുഴിയിൽ ഒ.എം ചെറിയാന്റെയും ലിസ്സി ചെറിയാന്റെയും മകൾ ബീനുവും തുരുത്തിപ്പിള്ളി സെന്റ്. മേരീസ് പള്ളി ഇടവകയിൽ കാവാട്ട് കെ.സി ജോയിയുടെയും ശാന്ത ജോയിയുടെയും മകൻ എൽദോയും 02.02.2020 ൽ വിവാഹിതരായി.

5. കത്തീഡ്രൽ ഇടവകയിൽ പുളിക്കൽ പരേതനായ പി.റ്റി ചാക്കോയുടെയും സോഫി ചാക്കോയുടെയും മകൻ എൽദോ.പി.ചാക്കോയും വേങ്ങൂർ മാർ കൗമ പള്ളി ഇടവകയിൽ പുല്ലുങ്കൽ പി.വി മത്തായിയുടെയും ലില്ലി മത്തായിയുടെയും മകൾ അനു മാത്യുവും 16. 02.2020 ൽ വിവാഹിതരായി.

**നവ വധൂവരന്മാർക്ക് ഇടവകയുടെ മംഗളാശംസകൾ**












കുടുംബസംഗമം – ഉദ്ഘാടനം, ആദരം, സമ്മാനദാനം





ഭക്ത സംഘടനാ വാർഷികത്തിൽ വനിതാസമാജം അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റ്



കുടുംബ സംഗമത്തിൽ മോർ മീഖായേൽ കുടുംബയൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റ്

### പ്രധാന ദിവസങ്ങൾ

| | | |
|---|---|---|
| മാർച്ച് | 18 | പാതി നോമ്പ് |
| | 25 | വചനിപ്പ് പെരുന്നാൾ |
| ഏപ്രിൽ | 5 | ഓശാന ഞായർ |
| | 9 | പെസഹ വ്യാഴം |
| | 10 | ദുഃഖവെള്ളി |
| | 12 | ഈസ്റ്റർ |

### പ്രീ മാരിയേജ് കൗൺസിലിംഗ് കോഴ്സ് – കടയ്ക്കനാട് അരമന

| | |
|---|---|
| **March 14, 15** | **August 8, 9** |
| **April 18,19** | **September 12, 13** |
| **May 9, 10** | **October 10, 11** |
| **June 13, 14** | **November 14, 15** |
| **July 11,12** | **December 12, 13** |

### വേദവിജ്ഞാനകൗതുകം വിജയി

ജാനീസ് സൂസൻ ജോബി ഇരുപ്പക്കോട്ടിൽ

### കളറിംഗ് വിജയികൾ

1. അബ്ദേദ് വിനോ മേക്കണ്ണായിൽ
2. എയ്ദൻ ബേസിൽ, ചേനക്കോട്ട്
3. അകിൻ സാറ മാത്യു ഓണശ്ശേരിൽ
4. മേദ ബിനു, ചെറുതോട്ടിൽ
5. എസ്ന ആൻ എൽദോ, തേരോട്ടുമാരിയിൽ
6. മരിയ ബിജോയ് ചെറുതോട്ടിൽ
7. അലീന ഷാജി, ഊലിക്കുടിയിൽ
8. അബ്രിയാൻ വർഗ്ഗീസ് അബിൻ,കരിക്കാട്ട്
9. മിലിയ സാജു എബ്രാഹം, ചേനക്കോട്ട്
10. ജൂലിയ സാജു എബ്രാഹം, ചേനക്കോട്ട്

**സമ്മാനാർഹർ** — **മരിയ ബിജോയ് ചെറുതോട്ടിൽ**



## വേദവിജ്ഞാന കൗതുകം

**റോയി സി. കുര്യാക്കോസ് ചേനക്കോട്ട്**

1. സ്ത്രീധനം അദ്ധ്വാനമായി നൽകിയ ബൈബിൾ കഥാപാത്രം
   a) ഇയ്യോബ് b) യാക്കോബ് c) ശൗൽ d) ദാവീദ്
2. 'കിഴക്കിന്റെ മുത്ത്" എന്നറിയപ്പെടുന്ന ഒരു പട്ടണം പുതിയ നിയമത്തിൽ ഉണ്ട്. ഏത്?
   a) യരുശലേം b) നിനവെ c) ദമാസ്കസ് d) ബേത്‌ലഹേം
3. 'ദൈവത്തിന്റെ മുന്തിരിത്തോട്ടം' എന്ന് എബ്രായ ഭാഷയിൽ അറിയപ്പെടുന്ന പർവ്വതം ഏത്?
   a) സീനായ് b) മോറിയ c) ഗിൽബോവ d) ഹെർമോൻ
4. 'പഴയനിയമത്തിലെ സ്നേഹത്തിന്റെ അപ്പോസ്തോലൻ' എന്നറിയപ്പെടുന്ന വ്യക്തി ആര്"
   a) ഹോശേയ b) ശലോമോൻ c) വി. പൗലോസ് d) വി. ലൂക്കോസ്
5. സ്വന്തം ജീവൻ പണയപ്പെടുത്തി ഒരു ജനതയെ രക്ഷിച്ച സ്ത്രീ കഥാപാത്രം ആര്?
   a) എസ്ഥേർ b) മറിയ c) പ്രിസ്കില്ല d) ദെമരീസ്
6. പാപം ചെയ്ത മനുഷ്യപരമ്പരയുടെ ലോകതലസ്ഥാനം ഏതായിരുന്നു?
   a) ഗിലയാദ് b) മോവാബ് c) ഗസ്സ d) ശിനാർ
7. അധികാര വിഭജനം എന്ന ആശയം അവതരിപ്പിച്ച പ്രഥമ വ്യക്തി ആര്?
   a) ബർണാബാസ് b) നഥനയേൽ c) യിത്രോ d) വി. പൗലോസ്
8. നീതിമാന്റെ കഷ്ടപ്പാടിന്റെ കാരണം അന്വേഷിക്കുന്ന ബൈബിൾ ഗ്രന്ഥം ഏത്?
   a) ഇയ്യോബ് b) വി. മത്തായി c) വി. യോഹന്നാൻ d) വെളിപ്പാട്
9. ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾ എന്ത്കൊണ്ടാണ് അലങ്കരിക്കേണ്ടത്?
   a) സൽക്കാരം b) സൽപ്രവർത്തികൾ c) ന്യായം d) വിശ്വസ്തത
10. അന്ത്യോഖ്യായിൽ ദൈവകൃപ കണ്ടു സന്തോഷിച്ചവൻ ആര്
   a) ബർണാബാസ് b) ഹെരോദാവ് c) യിരെമ്യാവ് d) ശലോമോൻ


**സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത്**

Hi-CONS®
BUILDERS & INTERLOCK PAVERS
Hi-CONS Building, Near Panchayath Office
Thriuvaniyoor. Phone: 0484 2732201, 2733003
Mobile: 9605003373, 9605003377


**കഴിഞ്ഞ ലക്കം വേദവിജ്ഞാന കൗതുകം ഉത്തരം**

**1. (b), 2.(a), 3.(d), 4. (c), 5. (c),**
**6.(a), 7.(d), 8.(b), 9.(a), 10.(d)**

**ഓരോ ചോദ്യത്തിനും നാല് ഉത്തരങ്ങൾ നൽകിയിരിക്കുന്നു. ശരിയായ ഉത്തരം ചുവടെ നൽകിയിരിക്കുന്ന കോളത്തിൽ രേഖപ്പെടുത്തി മാർച്ച് 23–ാം തീയതിക്കകം പള്ളിയിൽ വച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക**

— — — — — ഇവിടെ മുറിക്കുക — — — — —

1. ☐ 2. ☐ 3. ☐ 4. ☐ 5. ☐

6. ☐ 7. ☐ 8. ☐ 9. ☐ 10. ☐

പേര്: ..........................................

വിലാസം: ..........................................


..........................................

ഫോൺ..........................................



# കുട്ടികളുടെ ലോകം

**ചിത്രത്തിന് അനുയോജ്യമായ നിറം കൊടുക്കുക, മികച്ച സൃഷ്ടിക്ക് സമ്മാനം നൽകുന്നതാണ്. സൃഷ്ടികൾ മാർച്ച് 23-ന് മുമ്പായി പള്ളിയിൽ ഏൽപ്പിക്കേണ്ടതാണ്.**




പേര്:........................................................................................ ക്ലാസ്സ്:.............................................

മേൽവിലാസം:.........................................................................................................................

ജനനതീയതി:..................................................ഫോൺ:.........................................................................

ഇവിടെ മുറിക്കുക

"ദൈവം ഞങ്ങൾക്കു നൽകുന്ന സാന്ത്വനത്താൽ ഓരോ തരത്തിലുള്ള വ്യഥകളനുഭ വിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകുന്നതിനും, ഞങ്ങൾ ദൈവത്തിൽനിന്ന് അനുഭവിക്കുന്ന അതേ ആശ്വാസംതന്നെ അവരും അനുഭവിക്കുന്നതിനും അവിടുന്നു ഞങ്ങളെ എല്ലാ ക്ളേശങ്ങളിലും സമാശ്വസിപ്പിക്കുന്നു". (2 കോരിന്ത്യർ 1 : 4)

# സ്നേഹസ്മൃതിയിൽ



## വർക്കി ജേക്കബ്

7 ചരമവാർഷികം – 23 ജൂൺ 2020



## മറിയാമ്മ ജേക്കബ്

40–ാം ചരമദിനം – 29 ഫെബ്രുവരി 2020



5–ാം ചരമവാർഷികം

16 ഫെബ്രുവരി 2020

## ജോയി .എം. ജേക്കബ്

മേപ്പുറത്ത്




Printed & Published by: George Kurian, Edathiparambil(General Convenor, Kudumba Unit), St. Peter's & St. Paul's Jacobite Syrian Cathedral, Neeramukal, Thiruvaniyoor P. O. Ernakulam - 682308. Printed at Don Bosco Press on behalf of Malkhe Designs Piravom, Ernakulam, Kerala
www.neeramugalcathedral.com, email: logosmonthly@gmail.com